കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറംജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം:കെ.എസ്.എ/എം.പി.എം(11 )2834/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയ്യതി: 07.01.2020

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )

മലപ്പുറം.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തികവർഷത്തേ ഓഡിറ്റ് റിപ്പോർട്ട് – പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഓൺലൈനായി എയിംസ് സോഫ്റ്റ്വെയർ മുഖേന ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

എബികെ

നം:കെ.എസ്.എ.എം.പി.എം.(11)/2834 /2019

തീയ്യതി: 07.01.2020

<u>മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11/09/2018 മുതൽ 17/11/2019 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം.</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ആർ .അജിത്ത്, ഡെപ്യൂട്ടിഡയറക്ടർ.(ഹയർ ഗ്രേഡ് ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2019മുതൽ 28.11.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.നസ്സീർ.ടി.കെ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സക്കീർ ഹുസൈൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സന്തോഷ്.പി.ടി | അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജഹാൻ ഖുറൈശി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>ബി ) നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.അന്നമ്മ വള്ളിയാംതടത്തിൽ | 01.04.2018മുതൽ31.03.2019വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീമതി പ്രേമ .വി.ജി | 01.04.2018 മുതൽ 31.3.2019വരെ |

<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി .ശുഭ.പി.വി | 01.04.2018മുതൽ19.06.2018വരെ |
| | ശ്രീമതി.ഹരിത.പി.എ | 20.06.2018മുതൽ31.3.2019വരെ |
| 2.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഉമ്മുസൽമ്മ.എം | 01.04.2018മുതൽ31.03.2019വരെ |
| | | |

| | | |
|---|---|---|
| 3.വില്ലേജ്എക്സ്റ്റെൻഷൻഓഫീസർ | 2.ശ്രീ.ജുനൈദ് .എ | 01.04.2018മുതൽ31.03.2019വരെ |
| 4.മെഡിക്കൽഓഫീസർ(പി.എച്ച്.സി) | ഡോ.ഷബ്ന പർവ്വീൻ | 01.04.2018മുതൽ31.03.2019വരെ |
| 5.ഹെഡ് മാസ്റ്റർ | ശ്രീ.ഷൈലജ.വി | 01.04.2018മുതൽ31.03.2019വരെ |
| 6.വെറ്റിനറി സർജ്ജൻ | ഡോ.ഷീജ വാസു | 01.04.2018മുതൽ31.03.2019വരെ |
| 7.കൃഷി ഓഫീസർ | ശ്രീ.രാജീവൻ.വി.വി | 01.04.2018മുതൽ31.03.2019വരെ |
| 8.അസി.സെക്രട്ടറി | ശ്രീ.മോഹൻദാസ്.ടി.സി | 01.04.2018മുതൽ31.03.2019വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക കണക്ക് |
| 3 | 1-3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 5 | 1-5 | പദ്ധതി അവലോകനം. |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്ക് പരിശോധനാ അപാകതകൾ |
| 12 | 1-12 | കൺവീനർ വർക്ക് -O.H ചാർജ്ജ് കുറവ് ചെയ്യാതെ തുക നൽകിയത് 37380/-രൂപ തിരിച്ചടവാക്കി |
| 13 | 1-13 | മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ പിഴ 25760/-രൂപ ഈടാക്കിയിട്ടില്ല |
| 14 | 1-14 | മരാമത്ത് പ്രവർത്തി -പൂർത്തീകരണ കാലവധി ദീർഘിപ്പിച്ചച് പിഴ 23200/-രൂപ ഈടാക്കാതെ |
| 15 | 1-15 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃക കമ്മിറ്റികൾക്ക് (പരിപാലന കമ്മറ്റികൾക്ക് ) കൈമാറാത്തത് സംബന്ധിച്ച് |
| 16 | 1-16 | മരാമത്ത് പ്രവർത്തികൾ -നിർവ്വഹണത്തിലെ അപാകതകൾ |
| 17 | 1-17 | ഡ്രൈനേജ് നിർമ്മാണം സെൻെററിങ് ഷട്ടറിങ്ങിന് അധിക നിരക്ക് അനുവദിച്ചത് 17946/-രൂപ തിരിച്ചടവാക്കി |
| 18 | 1-18 | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നതു സംബന്ധിച്ച് |
| 19 | 1-19 | സാനിറ്ററി യൂനിറ്റ് നിർമ്മാണം-പൂർത്തീകരണ വിവരമില്ല |
| 20 | 1-20 | വീട് വയറിംഗ് -രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| 21 | 1-21 | ഇ -ടെൻണ്ടർ -ടെൻണ്ടർ ഫീ ലഭ്യമാക്കണം |
| 22 | 1-22 | അംഗനവാടി പൊളിച്ച് പുതുത്തിപ്പണിയൽ- പൊളിച്ച് മാറ്റിയതിൻെറ തുടർനടപടി ലഭ്യമാക്കിയില്ല |
| 23 | 1-23 | കൺവീനർ വർക്ക് -O.H കുറവ് ചെയ്യാതെ തുക 10295/-രൂപ അധികം നൽകിയത് സംബന്ധിച്ച് |
| 24 | 1-24 | സാനിറ്ററി യൂണിറ്റ് റിപ്പയർ- പൂർത്തീകരണ വിവരം ലഭ്യമല്ല |
| 25 | 1-25 | ലൈഫ് ഭവനങ്ങൾക്ക് സാനിറ്ററി യൂനിറ്റ് -പൂർത്തീകരണ വിവരം ലഭ്യമല്ല |
| 26 | 1-26 | ട്രസ്സ് വർക്ക് അറിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല നഷ്ടം 13369/*രൂപ |
| 27 | 1-27 | ക്വാറികൾ,ക്രഷറുകൾ എന്നിവയുടെ പ്രവർത്തനം |

| | | |
|---|---|---|
| | | നിയന്ത്രിക്കേണ്ടതാണ്. |
| 28 | 1-28 | റേഷൻകടകളിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ് |
| 29 | 1-29 | അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം |
| 30 | 1-30 | സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല |
| 31 | 1-31 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല. |
| 32 | 1-32 | വികസന കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ |
| 33 | 1-33 | റോഡ് കോൺക്രീറ്റ് വർക്കുകൾ. തൊഴിലുറപ്പ് മേഖലയുടെ സാധ്യതകൾ |
| 34 | 1-34 | തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് |
| 35 | 1-35 | അഗതി രഹിത ഗ്രാമം - ആശ്രയ തുടർ പ്രോജക്ട്- വിലയിരുത്തൽ |
| 36 | 1-36 | കുഴൽ കിണർ നിർമാണം. പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല |
| 37 | 1-37 | തെരുവ് വിളക്ക് സ്ഥാപിക്കൽ- രേഖകൾ പൂർണമല്ല. |
| 38 | 1-39 | പ്രോജക്ട് നിർഹണം ഒരു വിലയിരുത്തൽ |
| 39 | 1-39 | വെറ്ററിനറിക്ക് കമ്പ്യൂട്ടർ വാങ്ങൽ -സപ്ളെയർക്ക് അധികം നൽകി |
| 40 | 1-40 | ഡെപ്പോസിറ്റ് വർക്ക് – വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല |
| 41 | 1-41 | പിരിച്ചെടുത്ത ലൈബ്രറിസെസ് സമയ ബന്ധിതമായി അടവാക്കിയില്ല |
| 42 | 1-42 | പേ റിവിഷൻ അരിയർ- ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി. |
| 43 | 1-43 | പഞ്ചായത്ത് ഓഫീസിലേക്ക് പ്രിൻററുകൾ വാങ്ങിയത് - പദ്ധതിയിലെ അപാകതകൾ |
| 44 | 1-44 | തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തി - അപാകതകൾ |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | | ഇല്ല |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 45 | 3-1 | ട്രസ്സ് വർക്ക് അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല നഷ്ടം 13369/*രൂപ |
| 46 | 3-2 | കൺവീനർ വർക്ക്- OH കുറവ് ചെയ്യാതെ തുക 10295 അധികം നൽകിയത് സംബന്ധിച്ച് |
| 47 | 3-3 | മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ പിഴ 25760/-രൂപ ഈടാക്കിയിട്ടില്ല |
| 48 | 3-4 | മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ പിഴ 23200/-രൂപ ഈടാക്കിയിട്ടില്ല |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 49 | 4-1 | വാർഷിക ധനകാര്യപത്രിക -അപാകതകൾ |
| 50 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 51 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 52 | 4-4 | സ്ഥിര നിക്ഷേപങ്ങൾ |
| 53 | 4-5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 54 | 4-6 | വായ്പ/ വായ്പ തിരിച്ചടവ് |
| 55 | 4-7 | ഓഡിറ്റ് റിക്കവറി |
| 56 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 57 | 4-9 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 58 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 59 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 60 | Annexure 1 | Audit Certificate |
| 61 | അനുബന്ധം2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 62 | അനുബന്ധം3 | വാർഷിക കണക്ക് സംക്ഷിപ്തം-പകർപ്പ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| 2018-19ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ബജറ്റ് പുതുക്കിയ തീയ്യതി |
|---|---|
| 28.3.2018 (തീരുമാനം നം-1 (1) | 1(1) 4.2.2019 |

## 1-2 വാർഷിക കണക്ക്

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 20.6.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10965535 |
| വരവ് | 62345970 |
| ആകെ | 73311505 |
| ചെലവ് | 66651508 |
| നീക്കിബാക്കി | 6659997 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14582000 | 14582000 | 13262900 | 1319100 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 9510000 | 9510000 | 8089690 | 1420310 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 64000 | 64000 | 0 | 64000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5711000 | 5711000 | 5656672 | 54328 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3010000 | 3010000 | 3000564 | 9436 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻെറ് | 0 | 6767000 | 6767000 | 6730629 | 36371 |
| S.B.I (തനത് ഫണ്ട്) | 26697 | 1478958 | 1505655 | 396439 | 1109219 |
| PSCB(തനത്) | 8112637.65 | 11374117 | 19486754.65 | 17072504 | 2414250.65 |
| ട്രഷറി ടി.എസ്.ബി | 327310 | 13191651 | 13518961 | 13160745 | 358216 |
| ട്രഷറി സ്പെഷ്യൽ ഫണ്ട് | 7717 | 0 | 7717 | 0 | 7717 |
| ഇന്ത്യൻ ബാങ്ക് (NREGA) ഭരണചെലവ് | 394555 | 309785 | 704340 | 697098 | 7242 |
| കനാറ ബാങ്ക് (സാക്ഷരത) | 6335 | 368 | 6703 | 6703 | 0 |
| SMG ബാങ്ക് (TSC) | 1737494 | 160270 | 1897764 | 89720 | 1808044 |
| PSCB(SSA) | 242061 | 13418 | 255479 | 141200 | 114279 |
| UCB – | 131 | 0 | 131 | 0 | 131 |
| KLGB ( LIFE) | 0 | 1465040 | 1465040 | 1465040 | 0 |
| ട്രഷറി (TSB) ജോയിന്റ് വെഞ്ചർ- ജില്ലാ പഞ്ചായത്ത് | 108412 | 2633411 | 2741823 | 1932712 | 809111 |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 266 | 79231957 | 259 | 53570799 | 0 | 73 | 67.6% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 394555 | 309785 | 704340 | 697098 | 7242 |
| EFMS വഴി നൽകിയത് | 0 | 14607281 | 14607281 | 14607281 | 0 |

# 1-7 ക്ഷേമപെൻഷൻ

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 4735700 | 264 |
| 2 | തൊഴിൽ രഹിത വേതനം | 28080 | 15 |
| 3 | വിധവാ പെൻഷൻ | 19767000 | 1143 |
| 4 | വികലാംഗ പെൻഷൻ | 6408100 | 368 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 746000 | 49 |
| 6 | വാർദ്ധക്യകാല പെൻഷൻ | 27872000 | 1655 |
| 7 | സാധുക്കളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

# 1-8 ക്യഷ് വേരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2019ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.46710/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

(1)ആസ്തിസംരക്ഷണം – പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുള്ളതും ആസ്തി വികസന പ്രൊജക്ടുകൾ വഴി ആർജ്ജിച്ചിട്ടുള്ളതുമായ തനത് ആസ്തികൾ സംരക്ഷിക്കുന്നതിനും ആയത് പൊതുജനോപകാരപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും പഞ്ചായത്തിനും ഭരണ സമിതിക്കും ഉത്തരവാദിത്വമുണ്ട്.എന്നാൽ പ്രധാന തനത് വരുമാന മാർഗമാവേണ്ടിയിരുന്ന പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് , പഞ്ചായത്ത് കെട്ടിടം എന്നിവയുടെ സംരക്ഷണം കാര്യക്ഷമമല്ല. പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് കെട്ടിടം കാലപ്പഴക്കം കൊണ്ട് അപകടാവസ്ഥയിലാണ് .സാങ്കേതിക വിദഗ്ധൻെറ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് കെട്ടിടം പ്രവർത്തിപ്പിക്കുന്നത് .ലൈസൻസികൾ ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയും ബിനാമിയായും കടമുറികൾ പ്രവർത്തിക്കുന്നതായി മുൻവർഷ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ് .കാലഹരണപ്പെട്ട വാടക നിരക്കാണ് പിൻതുടരുന്നത് .ഒരു ഏക്കറോളം സ്ഥലം ഉണ്ടെന്നിരിക്കേ ആയതിൽ പുതുതായി കെട്ടിടം പണിയുന്നതിന്നോ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന്നോ നടപടി സ്വീകരിച്ചിട്ടില്ല.സാംസ്കാരിക നിലയത്തിൽ അനധികൃതമായി കൈയ്യേറിയവരെ മാറ്റി നിയമപ്രകാരം പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ സേവനങ്ങൾ നൽകുന്നതിന് കെട്ടിടം സജ്ജമാക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെസൂക്ഷിപ്പ്-ദൈനം ദിനം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട ക്യഷ് ബുക്ക് പ്രിന്റ് അപ്രകാരം ചെയ്യുന്നില്ല._വിശദവിവരം ലഭ്യമാക്കത്തക്ക രീതിയിൽ വാടക രജിസ്റ്റർ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.പഞ്ചായത്ത് ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

(3)മേൽ നോട്ടം-ഓഫീസ് ഉത്തരവ് പ്രകാരം എൽപ്പിച്ച ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നുവെന്നും പൊതുജന സേവനം കാര്യക്ഷമമാണെന്ന് ഓഫീസ് മേധാവിയും ,മോണിട്ടറിങ് കാര്യക്ഷമമാക്കി ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്ന് നടപടി കാര്യക്ഷമമാക്കേണ്ടതാണ്

(4)ഫ്രണ്ട് ഓഫീസ് സംവിധാനം-പൊതുജനങ്ങൾക്കുള്ള സേവനം സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് സ്ഥിരം സമിതികളും ഓഫീസ് മേധാവിയും ഉറപ്പ് വരുത്തേണ്ടതാണ്.ജീവനക്കാരുടെ പി.ആർ പ്രതിമാസം പരിശോധന നടത്തി മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-കാര്യക്ഷമമാക്കേണ്ടതാണ്

(6)ഓഫീസ് യോഗങ്ങൾ-കൃത്യമായ ഇടവേളകളിൽ നടക്കുന്നില്ല

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ -ആയത് നിരീക്ഷിക്കുന്നതിന് പേഴ്സണൽ രജിസ്റ്റർ കാര്യക്ഷമമാക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വവിരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29.6.2018 | ജൂൺ/2018 | 29.6.2018 | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 19.10.2005 മുതൽ 28.10.2005 വരെ | 2004-05 മുതൽ 2008-09വരെ | 3.12.2009 | |

# 1-11 വാർഷിക കണക്ക് പരിശോധന -അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1)2017-18 വാർഷിക കണക്ക് B7 ഷെഡ്യൂൾ പ്രകാരം ബാധ്യതയായി അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുക 607239 രൂപയാണ്.തൻവർഷം ഡെപ്പോസിറ്റ് ഇനത്തിൽ വരവ് വന്ന തുക RP34 പ്രകാരം 149158 രൂപയാണ്. തിരിച്ചു നൽകിയത് 85885 രൂപയാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷീറ്റ് B7 ഷെഡ്യൂളിൽ 927083 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 256571 രൂപയുടെ വ്യത്യാസം കാണുന്നു.

2)കറന്റ് അക്കൗണ്ടായി ഉപയോഗിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിൽ വലിയ തുക ബാലൻസ് അവശേഷിക്കുന്നു. ഈ തുക പലിശ ലഭിക്കുന്ന ആവശ്യത്തിലേക്ക് മറ്റ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിൽ ജാഗ്രത പുലർത്തിയിട്ടില്ല.

3)സി എഫ് സി ഫണ്ട് വാർഷിക കണക്കു പ്രകാരം 6635629 രൂപയാണ്. എന്നാൽ എ സി ആർ പ്രകാരം 6730629 രൂപയാണ്. 95000 രൂപയുടെ വ്യത്യാസം കാണുന്നു.

4)വാർഷികകണക്ക് പ്രകാരം ഇ എഫ് എം എസ് വരവ് 14504968 രൂപയാണ്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 14190700 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ് നടത്തിയ തുകയെത്ര , ആസ്തി സൃഷ്ടിക്കുന്നതിനായി കാപിറ്റൽ ചെലവ് എത്ര എന്നും വ്യക്തമല്ല.അഡ്മിൻ ചെലവ് ഇനത്തിൽ അഞ്ച് രൂപ മാത്രമാണ് വാർഷിക കണക്കിൽ ബുക്ക് ചെയ്തിട്ടുള്ളത്.

5)2017-18 വാർഷികകണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയില്ല. എന്നാൽ കുടിശ്ശികയിനത്തിൽ 25518 രൂപ കളക്ട് ചെയ്തതായി വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതിയിനത്തിൽ രേഖപ്പെടുത്തിയ കുടിശ്ശിക ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയിൽ വ്യത്യാസം ഉണ്ട്. ഡിമാന്റ്-25693, കളക്ഷൻ-25518, ബാലൻസ്-447.

6)മുൻ വാർഷികകണക്ക് പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ 1550 രൂപ അഡ്വാൻസ് കളക്ഷൻ ഉണ്ട്. തൻവർഷ വരവായി 56500 രൂപ RP43 ഷെഡ്യൂൾ പ്രകാരം വരവുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയ തുക 58000 രൂപയാണ്.

7)Capital work in progress ഇനത്തിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകയിൽ പൂർത്തിയായ പ്രവൃത്തികൾ ഉൾപ്പെടുന്നുവെന്ന് ലെഡ്ജറിൽ നിന്നും വ്യക്തമാകുന്നു. പൂർത്തിയായ പ്രവൃത്തികളുടെ മൂല്യം ആസ്തിയായി മാറ്റിയിട്ടില്ല.

8)Income and Expenditure പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ വരവ് 14893173 രൂപയും ഷെഡ്യൂൾ 14a പ്രകാരം 14504973 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 388200 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-12 കൺവീനർ വർക്ക് -O.H ചാർജ്ജ് കുറവ് ചെയ്യാതെ തുക നൽകിയത് 37380/-രൂപ തിരിച്ചടവാക്കി

താഴെപ്പറയുന്ന കൺവീനർ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ (2016 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് DSR-2014 COST INDUX 36.19% )10% OVER HEAD CHARGES എന്ന ഹെഡിൽ (ടാക്സ് വിഹിതം ) ഓരോ എെറ്റത്തിലും അനുവദിച്ചിട്ടുള്ളതാണ് .എന്നാൽ 18-19 ൽ വാറ്റ് ഈടാക്കേണ്ടതില്ല എന്നതിനാൽ ടി തുക യിൽ 5% വാറ്റ് വിഹിതം കുറവ് ചെയ്ത് മാത്രമേ കൺവീനർക്ക് തുക അനുവദിക്കാവൂ. എന്നാൽ വാറ്റ് തുക കുറവ് ചെയ്യാതെ . ടി തുക കൺവവീനർക്ക് നൽകിയിട്ടുണ്ട് വിശദ വിവരം ചുവടെ ചേർക്കുന്നു

(1)

| | |
|---|---|
| പ്രൊജക്ട് നം-188/19 -തേലക്കാട് ജി.എൽ.പി സ്കൂൾ സൌകര്യമൊരുക്കൽ | അടങ്കൽ -490000 (M.G.N.R) |
| ചെലവ് 452170 | കൺവീനർ -ശശികുമാർ |
| എംബുക്ക് -27-/16-17 | എഗ്രിമെൻെറ -10/ae/vtr/16.1.17 |
| ബിൽ നം 4/18-1924.5.19 | തുക -452170/-രൂപ |

(2)

| | |
|---|---|
| പ്രൊജക്ട് നം-195/19 -പല്ലിക്കുത്ത് ജി.എൽ.പി സ്കൂൾ റിപ്പയർ | അടങ്കൽ -125039 (M.G.N.R) |
| ചെലവ് -125039 | കൺവീനർ -അസ്ലം |
| എംബുക്ക് -77/16-17 | എഗ്രിമെൻെറ -29/ae/vtr/16.1.17 |
| ബിൽ നം -6/18-19/24.5.19 | തുക -125039/-രൂപ |

### തുക അനുവദിച്ചത് സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു

(1)

| തുക അനുവദിച്ചത് | തുക അനുവദിക്കാവുന്നത് |
|---|---|
| പ്രവർത്തി മൂല്യം 452170<br>(-) ആദായ നികുതി 2% 9043<br>(-) വെൽഫെയർ ഫണ്ട് 1% 4522<br>കൺവീനർ 438605 | പ്രവർത്തി മൂല്യം 452170<br>(-) ആദായ നികുതി 2% 9043<br>(-) വെൽഫെയർ ഫണ്ട് 1% 4522<br>(-) 5% വാറ്റ് തുക -22610<br>കൺവീനർ -415995<br>അധികംനൽകിയത് -22610/-രൂപ |

(2)

| തുക അനുവദിച്ചത് | തുക അനുവദിക്കാവുന്നത് |
|---|---|
| പ്രവർത്തി മൂല്യം 125039<br>(-) ആദായ നികുതി 2% 2501<br>(-) വെൽഫെയർ ഫണ്ട് 1% - 1250<br>കൺവീനർ -121288 | പ്രവർത്തി മൂല്യം - 125039<br>(-) ആദായ നികുതി 2% - 2501<br>(-) വെൽഫെയർ ഫണ്ട് 1% - 1250<br>(-) 5% വാറ്റ് തുക -6250<br>കൺവീനർ -115038<br>അധികംനൽകിയത് -6250/-രൂപ |

മേൽ രണ്ട് പ്രവർത്തികളിലൂടെ കൺവീനർക്ക് അധികമായി അനുവദിച്ച 28860/രൂപ തിരിച്ചീടാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 1/18-19/19.11.19 ) മറുപടിയായി 28860/-രൂപ അടവാക്കിയതായി രശീതി ഹാജരാക്കിയത് (നമ്പർ 11904010383O/27.11.19 -22610/രൂപ-,നമ്പർ 119040103831/27.11.19 -6250/-രൂപ) പരിശോധിച്ചതിൽ അടവ് വിവരം ബോദ്ധ്യപ്പെട്ടു.

(3)

| | |
|---|---|
| പ്രൊജക്ട് നം-213/19 -വിത്തനോട്ടിൽ കുടിവെള്ള പദ്ധതി | അടങ്കൽ -400285 (M.G.N.R) |
| ചെലവ് 384684/-രൂപ | കൺവീനർ -ദിവാകരൻ |
| എംബുക്ക് -211/17-18 | എഗ്രിമെൻറെ -98/ae/vtr/6.5.17 |
| ബിൽ നം 35/18-19/19.7.18 | തുക452170 |

അധിക അനുവദിച്ചത് സംബന്ധിച്ച് വിശദവിവരംചുവടെ ചേർക്കുന്നു

| തുക അനുവദിച്ചത് | തുക അനുവദിക്കാവുന്നത് |
|---|---|
| ഫസ്റ്റ് & പാർട്ടി ബിൽ 214248<br>പ്രവർത്തി മൂല്യം 214248<br>(-) 5% വാറ്റ് (അധികം ) 10712<br>(-) റിട്ടെൻഷൻ 2.5% 5356<br>(-) ആദായ നികുതി 2% 3964<br>(-) വെൽഫെയർ ഫണ്ട് 1% 1982<br>കൺവീനർ 192234 | ഫസ്റ്റ് & പാർട്ടി ബിൽ 214248<br>പ്രവർത്തി മൂല്യം 214248<br>(-) 5% വാറ്റ് (അധികം ) 10712<br>(-) റിട്ടെൻഷൻ 2.5% 5356<br>(-) ആദായ നികുതി 2% 3964<br>(-) വെൽഫെയർ ഫണ്ട് 1% 1982<br>കൺവീനർ 192234 |

| തുക അനുവദിച്ചത് | തുക അനുവദിക്കാവുന്നത് |
|---|---|
| IIned & ഫൈനൽ ബിൽ 170437<br>പ്രവർത്തി മൂല്യം 170437<br>(-) 5% വാറ്റ് (അധികം ) 0<br>(-) റിട്ടെൻഷൻ 2.5% 0<br>(-) ആദായ നികുതി 2% 3409<br>(-) വെൽഫെയർ ഫണ്ട് 1% 1704<br>കൺവീനർ 165324 | IIned & ഫൈനൽ ബിൽ 170437<br>പ്രവർത്തി മൂല്യം 170437<br>(-) 5% വാറ്റ് (അധികം ) 8520<br>(-) റിട്ടെൻഷൻ 2.5% 0<br>(-) ആദായ നികുതി 2% 3409<br>(-) വെൽഫെയർ ഫണ്ട് 1% 1704<br>കൺവീനർ 156804<br>അധികം 8520 |

മേൽ അപാകത പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/18-19/20.11.19).മറുപടിയായി തുക അടവാക്കിയതിൻെറ അസ്സൽ രശീതി ഹാജരാക്കിയത് (നമ്പർ 119040103836/27.11.19) പരിശോധിച്ച് അടവ് വിവരം ബോദ്ധ്യപ്പെട്ടു.

# 1-13 മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ പിഴ 25760/-രൂപ ഈടാക്കിയിട്ടില്ല

മരാമത്ത് പ്രവൃത്തികളുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം എ.സി.2/223/2015/ത.സ്വ.ഭ.വ/18.8.2018 പ്രകാരം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പിഴയോടുകൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.ആദ്യത്തേ മൂന്ന് മാസത്തിന് 1% വീതവും (പരമാവധി 1000 രൂപയിൽകുറയാതെയും 50000 രൂപയിൽ അധികരിക്കാതെയും )പിന്നീട് വരുന്ന ഓരോ 3 മാസത്തിന്നും 2% വീതവും (പരമാവധി 2000 രൂപയിൽകുറയാതെയും 100000 രൂപയിൽ അധികരിക്കാതെയും )ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ പഞ്ചായത്ത് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. വിശദവിവരത്തിന് ഖണ്ഡിക 3(3) കാണുകവിശദവിവരത്തിന് ഖണ്ഡിക 3(3) കാണുക

# 1-14 മരാമത്ത് പ്രവർത്തി -പൂർത്തീകരണ കാലവധി ദീർഘിപ്പിച്ചച് പിഴ 23200/-രൂപ ഈടാക്കാതെ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം എ.സി.2/223/2015/ത.സ്വ.ഭ.വ/18.8.2018 പ്രകാരം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പിഴയോടുകൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.ആദ്യത്തേ മൂന്ന് മാസത്തിന് 1% വീതവും (പരമാവധി 1000 രൂപയിൽകുറയാതെയും 50000 രൂപയിൽ അധികരിക്കാതെയും )പീന്നിട് വരുന്ന ഓരോ 3 മാസത്തിനും 2% വീതവും (പരമാവധി 2000 രൂപയിൽകുറയാതെയും 100000 രൂപയിൽ അധികരിക്കാതെയും )ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ പഞ്ചായത്ത് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. .വിശദ വിവരത്തിന് ഖണ്ഡിക 3(4) കാണുക

# 1-15 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃക കമ്മിറ്റികൾക്ക് (പരിപാലന കമ്മറ്റികൾക്ക് ) കൈമാറുന്നത് സംബന്ധിച്ച്

താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃക കമ്മിറ്റികൾക്ക് (പരിപാലന കമ്മറ്റികൾക്ക് ) കൈമാറിയത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല വിശദ വിവരം ചുവടെ ചേർക്കുന്നു

| പ്രൊജക്ട് /പേര് | ചെലവ് | ബില്ല് നം/തീ |
|---|---|---|
| 1.42/19-കുന്നത്ത് കോളനി കുടിവെള്ള പദ്ധതി (49000 )<br>224/19-കുന്നത്ത് കോളനി കുടിവെള്ള പദ്ധതി (400000 ) | 49000<br>396563 | 1654120/11.1.19<br>5187289/31.7.18 |
| 2.70/19-കുറുപ്പത്ത് കര കോളനി കുടിവെള്ള പദ്ധതി (150000 ) | 150000 | 55/18-19/23.11.18-125000<br>1654101/28.11.18-25000 |
| 3.78/19-തെക്കൻമല കോളനി കുടിവെള്ള പദ്ധതി (150000 )<br>245/19 തെക്കൻമല കോളനി കുടിവെള്ള പദ്ധതി (350000) | 200000<br>---------<br>349662 | 30000-109/18-19/21.3.19<br>30000-110/18-19/21.3.19<br>140000-12794/18-1928.3.19<br>------------------------------------<br>2187284/7.6.18-349662 |
| 4.149/19-പച്ചീരി കോളനി കുടിവെള്ള പദ്ധതി (180000 ) | 177280<br>ഇല്ല | 106/18-19/21.3.19 |

| | | |
|---|---|---|
| 159/19-പച്ചീരി കോളനി കുടിവെള്ള പദ്ധതി (200000 ) | | |
| 5.157/19-കാര്യവട്ടം ജംങ്ഷൻ കുടിവെള്ള പദ്ധതി (278000 )<br>217/19-കാര്യവട്ടം ജംങ്ഷൻ കുടിവെള്ള പദ്ധതി (300000 ) | ഇല്ല<br>277000 | -<br>111/18-19/30.3.19 |
| 6.165/19-പച്ചീരി പാലക്കുന്ന് കുടിവെള്ള പദ്ധതി (30000 )<br>249/19 -പച്ചീരി പാലക്കുന്ന് കുടിവെള്ള പദ്ധതി (71504 ) | 30000<br>70603 | 1654118/4.1.19<br>1654131/6.319 |
| 7.166/19-ക്കുരിക്കുന്ന് കുടിവെള്ള പദ്ധതി (200000 )<br>253/19-ക്കുരിക്കുന്ന് കുടിവെള്ള പദ്ധതി (300000 ) | 200000<br>ഇല്ല | 12809/30.3.19 |
| 8.192/19-പുല്ലയിൽ ഏരിയ കുടിവെള്ള പദ്ധതി (200000) | 180000 | 11/18-19/22.5.18 |
| 9.193/19-ചുങ്കം കുടിവെള്ള പദ്ധതി (200000 ) | 193735 | 9/18-19/25.5.18 |
| 10.212/19- പച്ചീരിപ്പാറകുടിവെള്ള പദ്ധതി (150000 ) | 115299 | 1654121/29.1.19 |
| 11.213/19- വിത്തനോട്ടിൽ കുടിവെള്ള പദ്ധതി (400285 ) | 373973 | 35/18-19/19.7.18-203536<br>101/18-19/12.3.19-150000<br>102/18-19/12.3.19-20437 |
| 12.226/19-ചേർളിക്കുളം കുടിവെള്ള പദ്ധതി (125000 ) | 125000 | 32/18-19/8.6.19 |
| 13.230/19-കാവണ്ണയിൽ കോളനി കുടിവെള്ള പദ്ധതി (50000 ) | 50000 | 5187284/7.6.18 |
| 14.231/19 കൊണ്ടുവാഴപ്പറമ്പ് കോളനി കുടിവെള്ള പദ്ധതി (200000 ) | 194155 | 88/18-19/26.2.19 |
| 15.234/19 കാപ്പ് പള്ളിപ്പടി കുടിവെള്ള പദ്ധതി (250000 ) | 245542 | 33/18-19/7.6.18 |
| 16.236/19 ഏഴുതല കുടിവെള്ള പദ്ധതി (50000 ) | 49997 | 5187296/26.10.18 |
| 17.242/19 ക്കുത്താർത്തൊടി കുടിവെള്ള പദ്ധതി (120000 ) | 120000 | 12793/28.3.19 |
| 185.252/19-കുന്നംപുറം കോളനി കുടിവെള്ള പദ്ധതി (200000) | 198292 | 12793/28.3.19 |
| 19.285/19-പാലക്കുണ്ട് പറമ്പ് കോളനി കുടിവെള്ള പദ്ധതി (1299000) | 463904 | 5187450/30.3.19 |

മേൽ പദ്ധതികൾക്ക് റിപ്പയർ പ്രവർത്തികൾക്ക് തുക അനുവദിക്കുന്നതിന്ന് വേണ്ടിയും പരിപാലനം നടത്തുന്നതിനും പദ്ധതി രേഖാമൂലം പരിപാലനകമ്മറ്റി കൾക്ക് കൈമാറേണ്ടതുണ്ട് .മേൽ പദ്ധതി കൾ രേഖാമൂലം കൈമാറി വിവരം ഓഡിറ്റി നെ അറിയിക്കേണ്ടതാണ് (എൻക്വയറി നമ്പർ 8/18-19/20.11.19 )

## 1-16 മരാമത്ത് പ്രവർത്തികൾ -നിർവ്വഹണത്തിലെ അപാകതകൾ

അസി.എൻജിനിയർ നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു

1.ടെൻണ്ടർ ഫോം,എംബുക്ക് എന്നിവയുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല

2.ഒരു സ്ഥലത്തേ ഒരേ തരം പ്രവർത്തികൾക്ക് ഒരു വർഷത്തിൽ പല പ്രൊജക്കുകൾ തയ്യാറാക്കി അംഗീകരാരം വാങ്ങിയിട്ടുണ്ട് .

3.നിർവ്വഹണം നടത്തി തുക അനുവദിച്ച ഒരു പ്രവർത്തിയുടെയും മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല
4.നികുതികളുടെ റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല ,വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല
5.ടാർ പർച്ചേസ് ,മോട്ടോർ പർച്ചേസ് എന്നിവയുടെ പർച്ചേസ് ബില്ല് സൂക്ഷിക്കുന്നില്ല
6.കൺവീനർ പ്രവർത്തിയുടെ ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്ത് സൂക്ഷിച്ചിട്ടില്ല
7.കൺവീനർ പ്രവർത്തികളുടെ മസ്റ്റർ റോൾ എൻജിനിയർ സാക്ഷ്യപ്പെടുത്തുന്നില്ല
8.റോഡ് പ്രവർത്തികൾക്ക് ചെയ്നേജ് രേഖപ്പെടുത്തുന്നില്ല
9. എംബുക്കിൽ മെറ്റീരിയൽ സ്റ്റോക്ക് അക്കൗണ്ട് എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല
10.കൺവീനർ പ്രവർത്തികൾക്ക് സംയുക്ത പാൻകാർഡ് എടുക്കുന്നില്ല
11.ഇ-ടെൻണ്ടർ ടെൻണ്ടർ ഫീ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല
അപാകതകൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഡ്രൈനേജ് നിർമ്മാണം സെൻെററിങ് ഷട്ടറിങ്ങിന് അധിക നിരക്ക് അനുവദിച്ചത് 17946/-രൂപ തിരിച്ചടവാക്കി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഡ്രൈനേജിന്റെ സൈഡ് വാളിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSR/2016-ഡാറ്റാ കോഡ് 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജ് വാളിന് വേണ്ടി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയിട്ടാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSR-ഡാറ്റ കോഡ് 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്. കൂടാതെ ശരാശരി 0.60cm മാത്രമാണ് ഇവയുടെ ഉയരം വരുന്നത്. 4.3.2 പ്രകാരമുള്ള ഡാറ്റയിൽ ഈ പ്രവത്തിക്ക് 1 മീറ്റർ ഉയരമാണ് കാണിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു

| | പ്രവൃത്തി | അളവ് പുസ്തകം പ്രകാരം അളവ് | നൽകിയ തുക (ഡി.എസ്.ആർ.4.3.2 പ്രകാരം നിരക്ക് 519.63/$m^2$) | നൽകാവുന്ന തുക (ഡി.എസ്.ആർ.4.3.1 പ്രകാരം നിരക്ക് 266.19/$m^2$) | അധികം |
|---|---|---|---|---|---|
| 1. | 197/19-പീടികപ്പടി കിഴക്കേമുക്ക് ഡ്രൈനേജ് കരാറുകാരൻ ശ്രീ.സവാദ് ഇ.കെ . (എസ്റ്റിമേറ്റ് നിരക്ക് ). ബിൽ 10 /18-19/24.5.18 തുക.135766/- | എം ബുക്ക് 190/18-19 എെറ്റം നം(5 ) 70.81 എം2 | 36795/-രൂപ (പോജ് -9) @519.63/എം2 (എസ്റ്റിമേറ്റ് നിരക്ക് ) | 18849/-രൂപ @266.19/എം2 ( എസ്ററിമേറ്റ് നിരക്ക്) | 17946/- |

| | | | | | |
|---|---|---|---|---|---|
| | DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25% | | | | |
| | ആകെ | | | | 17946 |

അധികം നൽകിയ 17946/-രൂപ തിരികെ ഈടാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/18-19/19.11.19)സമർപ്പിച്ച മറുപടിയിൽ 17946/-രൂപ അടവാക്കിയതിൻെറ രശീതി (നം 119040103840/28.11.19) ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു

# 1-18 മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നതു സംബന്ധിച്ച്

2018-19 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവഹണഉദ്യോഗസ്ഥനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് താഴെ പറയും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജെക്റ്റ് നമ്പർ | പ്രോജെക്റ്റിന്റെ പേര് | ഫണ്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ/ തീയതി | ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|---|
| 1 | 83/18-19 | പിഎച്ച്സിയിലേക്ക് മരുന്നു വാങ്ങൽ | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 1,00,000 | 8/18-19 20-12-18 | 54780 | 45220 |
| 2 | 95/18-19 | പരിരക്ഷ ഹോംകെയർ | വികസനഫണ്ട് | 3,00,000 | 6/18-19 20-12-18 | 104510 | 195490 |
| | | ആകെ | | | | | 240710 |

ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുവാൻ സ്വീകരിച്ച് നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 22/23-11-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകുന്നതുവരെ 2,40,710 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-19 സാനിറ്ററി യൂനിറ്റ് നിർമ്മാണം-പൂർത്തീകരണ വിവരമില്ല.

വി ഇ ഒ നിർവഹണം നടത്തിയ സാനിറ്ററി യൂനിറ്റ് നിർമ്മാണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്റ്റ് നമ്പർ | 261/18-19സ്പിൽ ഓവർ |
| പ്രോജെക്റ്റിന്റെ പേര് | സാനിററി യൂനിറ്റ് നിർമ്മാണം |
| അടങ്കൽ | 61600-വികസനഫണ്ട് |
| ചെലവ് | 61600 |
| ബിൽനമ്പർ/തീയതി | 2/18-19 തി. 21-6-18 15,000<br>12/18-19 തി. 12-9-18 15,400<br>35/18-19 തി. 26-12-18 15,400<br>40/18-19 തി. 5-1-189 15,400 |

| | |
|---|---|
| | ആകെ-61600 രൂപ |

സാനിറ്ററി യൂനിറ്റിന്റെ നിർമ്മാണത്തിനായി 4 ഗുണഭോക്താക്കൾക്കായി 61,600 രൂപ ചെലവഴിച്ചിട്ടുണ്ട്.

1സുന്ദരൻ കെ കാവണ്ണയിൽ,വെട്ടത്തൂർ

2 കാളി നടകളത്തിൽ ,വെട്ടത്തൂർ

3 യക്കുട്ടി നടകളത്തിൽ വെട്ടത്തൂർ

4 വെളുത്തക്കി വിത്തതോട്ടത്തിൽ,വെട്ടത്തൂർ

മേൽ പ്രോജെക്റ്റിന്റെ നിർവഹണം സംബന്ധിച്ച് മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയത്.പ്രവൃത്തി പൂർത്തിയാക്കിയതു സംബന്ധിച്ച് ഓവർസിയറുടെ വാല്വേഷൻ ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 61,600 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് 29/23-11-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല.

# 1-20 വീട് വയറിംഗ് -രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വി ഇ ഒ നിർവഹണം നടത്തിയ വീട്ടു വയറിംഗിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്റ്റ് നമ്പർ | 263/18-19സ്പിൽ ഓവർ |
| അടങ്കൽ | 103500 വികസനഫണ്ട് |
| ചെലവ് | 40,500 |
| ബിൽനമ്പർ/തീയതി | 4/18-19 തി. 13-7-18 18000<br>10/18-19 തി. 12-9-18 9000<br>25/18-19 തി. 6-11-18 4500<br>36/18-19 തി. 26-12-18 4500<br>43/18-19 തി. 23-1-19 4500<br>ആകെ -40,500 രൂപ |

വീട് വയറിംഗിനായി 9 ഗുണഭോക്താക്കൾക്ക് 4500 രൂപ വീതം ആകെ 40,500 രൂപ ചെലവഴിച്ചിട്ടുണ്ട്.മേൽ പ്രോജെക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.
1 മെയിൻ സ്വിച്ച്.എർത്തിംഗ് എന്നിവയ്ക്കു പുറമെ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തിയെന്ന് എല്ലാ ഗുണഭോക്താക്കളുടെ ഫയലിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിംഗ് സാമഗ്രികൾ ഉപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം ലഭ്യമല്ല.

സ.ഉ (കൈ) 22/2018 തസ്വഭവ തി. 14-2-18 നമ്പർ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച് മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവ് തുക 40,500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നമ്പർ 23/23-11-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടി ലഭ്യമാക്കിയില്ല.

# 1-21 ഇ -ടെൻണ്ടർ -ടെൻണ്ടർ ഫീ ലഭ്യമാക്കണം

നിർവ്വഹണോദ്ധ്യാഗസ്ഥൻ - അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. 2018-19 ൽ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തുക ഇത് വരെ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ നപടി സ്വീകരിക്കേണ്ടതാണ്. വിശദ വവിരം ചുവടെ

| പ്രവർത്തി | അടങ്കൽ | ടെൻണ്ടർ ഫീ |
|---|---|---|
| 1.285/19-പാലക്കുണ്ട് കുടിവെള്ള പദ്ധതി (എ.ഇ ) | 1299000 | 2x2100 +252 |
| 2.133/19-കുരിക്കുണ്ട് ചിറ റോഡ് (എ.ഇ ) | 650000 | 2x1365 +164 |

# 1-22 അംഗനവാടി പൊളിച്ച് പുതുത്തിപ്പണിയൽ- പൊളിച്ച് മാറ്റിയതിൻെറ തുടർനടപടി ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം-247//19/ഈസ്റ്റ് മണ്ണമല അംഗനവാടി പുതുക്കിപ്പണിയൽ | അടങ്കൽ -200000 (M.G.N.R) |
| ചെലവ് 164758/-രൂപ | കോൺട്രാക്ടർ -ജിഷാദ് പങ്കത്ത് |
| എംബുക്ക് -192/17-18 | എഗ്രിമെൻെറ -75/ae/vtr/18.12..17 |
| ബിൽ നം 43/18-19/31.7.18 | തുക -164758/-രൂപ |

മേൽ പ്രവർത്തിയിൽ എെറ്റം നം (1) (2) എന്നിവ പ്രകാരം പഴയ ഓട് ,മരം എന്നിവ പൊളിച്ച് മാറ്റി സ്ഥലത്ത് സ്റ്റാക്ക് ചെയ്തതിന് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്

| എെറ്റം നമ്പർ (1) | എെറ്റം നമ്പർ (2) |
|---|---|
| എെറ്റം നമ്പർ (1)പഴയ ഓട് പൊളിച്ച് സ്റ്റാക്ക് ചെയ്തതിന് @118.38/എം2 നിരക്കിൽ 89.48 എം2 ന്ന് 10592/-രൂപ അനുവദിച്ചിട്ടുണ്ട്.എംബുക്ക് പേജ് 2 ൽ പൊളിച്ച മാറ്റിയവ കോമ്പൌണ്ടിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് | എെറ്റം നമ്പർ (2) മേൽക്കൂര മരം പൊളിച്ച് സ്റ്റാക്ക് ചെയ്തതിന്ന് 1.514 എ2 ന്ന് @ 1.514 എം3 ന്ന് 3994 /-രൂപ അനുവദിച്ചു.എംബുക്ക് പേജ് 2 ൽ പൊളിച്ച മാറ്റിയവ കോമ്പൌണ്ടിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് |

സ്റ്റാക്ക് ചെയ്തത് വാല്യേഷൻ നടത്തി ലേലം ചെയ്യുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല.പരിശോധനയിൽ അംഗനവാടിയിലോ പഞ്ചായത്തിലോ മേൽപ്പറയുന്നവ സ്റ്റാക്ക് ചെയ്തതായി കണ്ടെത്താനിയിട്ടില്ല. അപാകത പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4/18-19/21.11.19)മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 കൺവീനർ വർക്ക് -O.H കുറവ് ചെയ്യാതെ തുക 10295/-രൂപ അധികം നൽകിയത് സംബന്ധിച്ച്

എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ (2016 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് DSR-2014 COST INDUX 36.19%-TS 18.8.2016 )10% OVER HEAD CHARGES എന്ന ഹെഡിൽ (TAX PROVISION ) ഓരോ എെറ്റത്തിലും അനുവദിച്ചിട്ടുള്ളതാണ് .എന്നാൽ 18-19 ൽ വാറ്റ് ഈടാക്കേണ്ടതില്ല എന്നതിനാൽ ടി തുക 5%കുറവ് ചെയ്ത് മാത്രമേ കൺവീനർക്ക് തുക

അനുവദിക്കാവൂ. എന്നാൽ വാറ്റ് തുക കുറവ് ചെയ്യാതെ . ടി തുക കൺവവീനർക്ക് നൽകിയിട്ടുണ്ട് വിശദവവിവരം ഖണ്ഡിക 3(2) കാണുക

# 1-24 സാനിറ്ററി യൂനിറ്റ് റിപ്പയർ-പൂർത്തീകരണ വിവരം ലഭ്യമല്ല.

വിഇഒ നിർവഹണം സാനിററി യൂനിറ്റ് റിപ്പയറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്റ്റ് നമ്പർ | 291/18-19 |
| പ്രോജെക്റ്റിന്റെ പേര് | സാനിറ്ററി യൂനിറ്റ് റിപ്പയർ |
| അടങ്കൽ | വികസനഫണ്ട്-309280 |
| ചെലവ് | വികസനഫണ്ട്-203280 |

മേൽ പ്രോജെക്റ്റിന്റെ നിർഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 9240രൂപ വീതം സാനിറ്ററി യൂനിറ്റ് റിപ്പയറിന് സഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | ചക്കി കളത്തിൽ ,വെട്ടത്തൂർ | 9240 | 60/18-19 തി. 24-3-19 |
| 2 | ജുമൈല മേൽക്കുളങ്ങര,വെട്ടത്തൂർ,വെട്ടത്തൂർ | 9240 | 60/18-19 തി. 24-3-19 |
| 3 | കദീജ കോൽക്കളത്തിൽ ,വെട്ടത്തൂർ | 9240 | 56/18-19 തി. 24-3-19 |
| 4 | ബഷീർ പുളിയക്കാട്ടിൽ,വെട്ടത്തൂർ | 9240 | 56/18-19 തി. 24-3-19 |
| 5 | സെയ്തലവികായൽവക്കത്ത് ,വെട്ടത്തൂർ | 9240 | 56/18-19 തി. 24-3-19 |
| 6 | സുന്ദരി പുഴയിൽ ,വെട്ടത്തൂർ | 9240 | 56/18-19 തി. 24-3-19 |
| 7 | മൈമൂന കോൽക്കളത്തിൽ വെട്ടത്തൂർ | 9240 | 56/18-19 തി. 24-3-19 |
| | ആകെ | 64680 | |

ഗുണഭോക്താക്കൾ സാനിറ്ററിയൂനിറ്റ് റിപ്പയർ പൂർത്തിയാക്കിയതിന്റെ വാലുവേഷൻ ഓഡിറ്റിന് ലഭ്യമാക്കിയില്ല. സ.ഉ.(കൈ)22/2018 ത.സ്വ.ഭ.വ. തിയതി 14.02.18 മാർഗ്ഗരേഖ പ്രകാരം ഈയിനത്തിന് വികനസന ഫണ്ട് വിനിയോഗിക്കാൻ വ്യവസ്ഥയില്ലാത്തതാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 64,680 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ 27/23-11-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല.

# 1-25 ലൈഫ് ഭവനങ്ങൾക്ക് സാനിറ്ററി യൂനിറ്റ് -പൂർത്തീകരണ വിവരം ലഭ്യമല്ല

വി ഇ ഒ നിർമ്മാണം നടത്തിയ സാനിറ്ററി യൂനിറ്റ് നിർമ്മാണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്ട് നമ്പർ | 289/18-19 |
| പ്രോജെക്ടിന്റെ പേര് | ലൈഫ് ഭവനങ്ങൾക്ക് സാനിറ്ററി യൂനിറ്റ് |
| അടങ്കൽ | വികസനഫണ്ട്-40800<br>കേന്ദ്ര ഫണ്ട് -146000 |
| ചെലവ് | വികസനഫണ്ട്-40800<br>കേന്ദ്ര ഫണ്ട് -113200 |
| നിർവഹണഉദ്യോഗസ്ഥൻ | വി ഇ ഒ |

മേൽ പ്രോജെക്ടിന്റെ നിർഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 15400 രൂപ വീതം സാനിറിററി യൂനിറ്റിന് സഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | ജംഷീല മങ്കത്തൊടി,വെട്ടത്തൂർ | 15400 | 63/18-19/തി.31-3-19 |
| 2 | ആയിഷ കോഡൂർ,വെട്ടത്തൂർ | 15400 | 63/18-19/തി.31-3-19<br>411287/30-3-19 |
| 3 | റസീന കോൽക്കളത്തിൽ ,വെട്ടത്തൂർ | 15400 | 411287/30-3-19 |
| 4 | ഉഷ ബിന്ദു കോട്ടയിൽ,വെട്ടത്തൂർ | 15400 | 411287/30-3-19 |
| 5 | ശാന്ത ഇല്ലിക്കൽ,വെട്ടത്തൂർ | 15400 | 411287/30-3-19 |
| 6 | ബാലാമണി ഇല്ലിക്കൽ,വെട്ടത്തൂർ | 15400 | 411287/30-3-19 |
| 7 | വേശ്രു കത്താട്ട്,വെട്ടത്തൂർ | 15400 | 411287/30-3-19 |
| 8 | ആയിഷ മുണ്ടക്കത്തൊടി,വെട്ടത്തൂര് | 15400 | 63/18-19/തി.31-3-19 |
| | ആകെ | 123200 | |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ സാനിറ്ററിയൂനിറ്റ് പൂർത്തിയാക്കിയതിന്റെ വാല്വേഷൻ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ആയതിനാൽ 123200 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ 26/23-11-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

## 1-26 ട്രസ്സ് വർക്ക് അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല നഷ്ടം 13369/*രൂപ

പഞ്ചായത്തിന് കൈമാറിക്കിട്ടിയ കെട്ടിടങ്ങളുടെ മുകൾ ഭാഗം "ഷീറ്റിടൽ" എന്ന പേരിൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ പ്രോജക്ടിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വശങ്ങളിലും മുകളിലും ഷീറ്റ് വർക്ക് നടത്തിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.നിർവ്വഹണോദ്ധ്യോഗസ്ഥരുടെ സാനിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ ട്രസ്സ് വർക്കിന് DSR കോഡ് 50.10.2 പ്രകാരം അനുവദിക്കാവുന്ന സിംഗിൾ സെക്ഷൻ വർക്കുകൾ മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ളപരിശോധനയിൽ (സംയുക്ത പരിശോധന 25.11.2019 ന്ന് )വ്യക്തമാവുന്നു. എന്നാൽ DSR കോഡ് 50.10.1 പ്രകാരമുള്ള നിരക്കുകളാണ് ഇത്തരം പർളിൻ വർക്കുകൾക്ക് കരാറുകാരന് നൽകിയത് എന്ന് പരിശോധനയിൽ നിന്ന് വ്യക്തമാവുന്നു. വിശദവിവരം ഖണ്ഡിക 3(1) കാണുക

# 1-27 ക്വാറികൾ,ക്രഷറുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന പ്രകാരം ക്വാറികളും ക്രഷറുകളും പ്രവർത്തിച്ചു വരുന്നതായി പഞ്ചായത്ത് അധികൃതർ മറുപടി നൽകിയിട്ടുണ്ട്

| ക്വാറികൾ | വാർഡ് |
|---|---|
| 1 M/s പോബ്സൺ ഗ്രാനൈറ്റ്സ് | 12 |
| 2 നാലകത്ത് ഗ്രാനൈറ്റ്സ് | 16 |
| 3 മുഹമ്മദലി ഞാറൻതൊടി | 3 |
| 4 കാജാ ഹുസൈൻ | 3 |
| ക്രഷറുകൾ | |
| 1 M/s പോബ്സൺ ഗ്രാനൈറ്റ്സ് | 12 |
| 2 നാലകത്ത് ഗ്രാനൈറ്റ്സ് | 6 |

ഗ്രാമപഞ്ചായത്ത് മിനുട്ട്സ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ രണ്ട് വലിയ ക്രഷർ ക്വാറി യൂനിറ്റുകളും അനേകം ചെറിയ കരിങ്കൽ ക്വാറികളും പ്രവർത്തിച്ചു വരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.അനധികൃത ക്വാറികൾ പ്രവർത്തിച്ചുവരുന്നില്ല എന്ന് പഞ്ചായത്തിന്റെ മറുപടിയിൽ പറയുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 14-6-18 ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം വെട്ടത്തൂർ ഗ്രാമപഞ്ചായത്തിൽ പരിസ്ഥിതി ആഘാത പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാനും, ഇത്തരം വ്യവസായങ്ങൾ അനുവദിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അന്തിമ തീരുമാനം എടുക്കാനുള്ള അധികാരം നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.ക്വാറികളുടെ പ്രവർത്തനം നിരീക്ഷണവിധേയമാക്കുകയും എല്ലാ അനുമതികളും (മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി, ദേശീയ ഹരിത ട്രിബ്യൂണലിൽ നിന്നുള്ള NOC, ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിന്നുള്ള NOC, സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നതിനും നിയന്ത്രിത സ്ഫോടനം നടത്തുന്നതിനുള്ള അനുമതി ജില്ലാ കളക്ടറിൽ നിന്നുള്ള NOC, പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് തുടങ്ങിയവ) കരസ്ഥമാക്കിയാണ് അവ പ്രവർത്തിക്കുന്നതെന്നും ഉറപ്പു വരുത്തേണ്ടതാണ്.പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്നതിനാൽ ആയത് പഠന വിധേയമാക്കി ക്വാറികൾ അനുവദിക്കുന്നതിൽ പുന.പരിശോധന നടത്തേണ്ടതാണ്. ക്വാറികളിൽ നിരന്തര പരിശോധന നടത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച് നമ്പർ 35/18-19/27-11-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

# 1-28 റേഷൻകടകളിൽ നിന്നും ഫാക്ടറി വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 3 ലെ പട്ടിക 1 ക്രമനമ്പർ 149 ആയി റേഷൻ കടകൾക്ക് ലൈസൻസ് എടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരവും ലൈസൻസ് നൽകിയതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയില്ല.കൂടാതെ റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 30/25-11-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടി ലഭ്യമാക്കിയില്ല.റേഷൻ കടകളിൽ നിന്ന് ഫാക്ടറി വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-29 അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം

ഓഡിറ്റ് വർഷം വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 180 പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 43039178/- രൂപയാണ്. ചെലവഴിക്കാനായത് കേവലം 27598944/- രൂപയും. അതായത് 64 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്ടുകളിൽ 55 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 1.544 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.വാർഷിക പദ്ധതികൾക്ക് തുടക്കത്തിലേ അംഗീകാരം ലഭ്യമാവുന്നുണ്ടെങ്കിലും നിർവ്വഹണം വാർഷാവസാനത്തിലേക്ക് നീട്ടിക്കൊണ്ട് പേയി നിർവ്വഹണോദ്ധ്യോഗസ്ഥനെ സമ്മർദ്ധത്തിലാക്കുന്ന പ്രവണത അവസാനിപ്പിക്കണം

ടെണ്ടർ നടപടികൾ സ്വീകരിച്ച് , വ്യക്തമായ കാരാർ വെച്ച് , സൈറ്റ് യഥാസമയം കൈമാറിയിട്ടും വർക്കുകൾ പൂർത്തിയാക്കാത്ത കരാറുകാർക്ക് എതിരെ ശക്തമായ സമീപനം സ്വീകരിക്കാൻ ഭരണസമിതി തയ്യാറാവേണ്ടതുണ്ട്.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു. യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ചു എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല എന്ന് ഭരണസമിതി തിരിച്ചറിയുന്നില്ല.വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു.

ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതീകൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു. പ്രോജക്ടുകളുടെ എണ്ണം കുറക്കേണ്ടതിന്റെ അനിവാര്യത മുൻ വർഷങ്ങളിൽ ആവർത്തിച്ച് ബോധ്യപ്പെടുത്തിയിട്ടും , ക്രീയാത്മകമായ സമീപനം സ്വീകരിക്കാത്ത ഭരണസമിതിയും യഥേഷ്ടം ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ അവസരം ഒരുക്കിയ സെക്രട്ടറിയും 15440234രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിലെ പൊതുസമൂഹത്തിന് നഷ്ടപെടാൻ ഇടക്കിയതിൽ തുല്യപങ്കാളികളാണ്.

## 1-30 സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല.

തൽ വർഷത്തെ വാർഷിക പദ്ധതിയിൽ പൊതുമരാമത്ത് മേഖലയിൽ മാത്രം 77 പ്രവൃത്തികൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയവയാണ്. ഇതിൽ 09 പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. . സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.മാത്രമല്ല 46 പൊതുമരാമത്ത് പ്രോജക്ടുകൾ 2019-20 വർഷത്തേക്ക് സ്പിൽ ഓവറായതായും വ്യക്തമാവുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതീയിൽ വിനിയോഗിക്കാനാവുന്നില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ

പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഇത്രയധികം സ്പിൽഓവർ പ്രോജക്ടുകൾ ഉണ്ടായത് ഏങ്ങിനെ എന്ന് ഭരണസമിതി വിശകലനം നടത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-31 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ മിക്ക പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. മിക്ക ടെണ്ടർ പ്രവൃത്തികളിലും (ഈ ടെണ്ടർ , ഏതാനും റോഡ് കോൺക്രീറ്റ് വർക്കുകൾ ഓഴികെ) രണ്ടാൾ വീതമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റൊരുകരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ടാണ് ടെണ്ടർ സമർപ്പിക്കുന്നത്. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും അടുത്തത് കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധാരണയുണ്ടാക്കുന്നതായി വ്യക്തമാണ്. മത്സര സ്വഭാവമില്ലാത്ത ഇത്തരം ടെണ്ടർ നടപടി മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാകുന്നു. ഇങ്ങനെയുള്ള അനാരോഗ്യകരമായ പ്രവണത ഒഴിവാക്കി മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. വികസന സ്ഥിരം സമിതിയുടെ സജീവ ഇടപെടൽ അനിവാര്യമായ മേഖലയാണിത് എന്ന് ഓർമിപ്പിക്കുന്നു. പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കരാറുകാരാണ് എന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## 1-32 വികസന കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ

പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപാരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

ഓഡിറ്റ് കായലളവിൽ വികസന കാര്യസ്ഥിരം സമിതി 15 തവണ യോഗം ചേർന്ന് പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുടസിൽ രേഖപ്പെടുത്തുന്നുണ്ട്. 06.10.2018 ലെ യോഗത്തിൽ പദ്ധതി പ്രവർത്തനങ്ങളിൽ പുരോഗതിയില്ല എന്ന് വിലയിരുത്തുന്നുണ്ട്. 06.12.2018 ലെ മീറ്റിങ്ങിൽ പദ്ധതി പ്രവർത്തനങ്ങളിൽ പിന്നിൽ നിൽക്കുന്ന സാഹചര്യം ചർച്ച ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു. പ്രോജക്ടുകളുടെ നിർവഹണ പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടുന്നതിനും സ്ഥിരം സമിതി ജാഗ്രത പുലർത്തിയിട്ടില്ല എന്ന് വികസന സ്ഥിരം സമിതിയുടെ മിനുട്സ് ബുക്ക് വ്യക്തമാക്കുന്നു. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വികസന സ്ഥിരം സമിതി. ഇത്തരം ബോഡികളെ സാങ്കേതികവും നിയമപരവുമായ ഒരു ഘടകമായി മാത്രം മാറ്റുന്നത് ലഭ്യമായ ഫണ്ട് വിവേചന രഹിതമായി ഉപയോഗിക്കുന്നതിന് ഇടയാക്കുന്നു. സ്ഥിരം സമിതികളുടെ മീറ്റീങ്ങുകൾ ഭരണപരമായ കടമ നിർവഹിക്കുന്നതിന് മാത്രമാവുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-33 റോഡ് കോൺക്രീറ്റ് വർക്കുകൾ. തൊഴിലുറപ്പ് മേഖലയുടെ സാധ്യതകൾ

സാമ്പത്തിക വർഷത്തിൽ 177 മരാമത്ത് പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുകയുണ്ടായി. ഇതിൽ പകുതിയോളവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ് എന്ന് കാണുന്നു. ഇതിൽ ഭൂരിഭാഗവും ചെറിയ ദൂരമുള്ള ഇടവഴികളും നടപ്പാതകളുമാണ്. വ്യാപകമായി റോഡ് കോൺക്രീറ്റ് വർക്കുകൾ ചെയ്യുന്നതായും കാണുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരവും ഒരു റോഡ് കോൺക്രീറ്റ് പ്രവൃത്തി ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാണീണ റോഡുകളും, പുനരുദ്ധാരണവും (തൊഴിൽ ഘടകവും, സാധനഘടകവും 60:40 അനുപാതത്തിൽ നിൽക്കത്തക്ക രീതിയിൽ) ഏറ്റെടുക്കാവുന്നതാണെന്ന് 2017-18

NREGS സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. NREGS മുഖേന ചെയ്യുന്ന കോൺക്രീറ്റ് റോഡുകൾക്ക് ചെലവ് വളരെ കുറവാണെന്നു കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കൺവീനർ വർക്കായോ കരാർ വർക്കായോ ചെയ്യുന്ന റോഡ് കോൺക്രീറ്റ് വർക്കിന്റെയും NREGS മുഖേന ചെയ്യുമ്പോഴുള്ള ചെലവും താരതമ്യം ചെയ്യുന്ന പട്ടിക താഴെ കൊടുക്കുന്നു.

| ഇനം | അളവ് | കരാറുകാർ മുഖേന | | NREGS മുഖേന | |
|---|---|---|---|---|---|
| | | നിരക്ക് | തുക | നിരക്ക് | തുക |
| ക്വാറിമക്ക് നിരത്തൽ | 1/cum | 891.95/cum | 891.95 | 947.26/cum | 947.26 |
| 40Mm മെറ്റൽ ഉപയോഗിച്ച് 1:4:8 സിമന്റ് കോൺക്രീറ്റ് | 1/ cum | 6146.26/cum | 6146.26 | 4566.6/cum | 4566.6 |
| 20Mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | 1/ cum | 7523.98/cum | 7523.98 | 5825.44/cum | 5825.44 |
| | | | 14562.19 | | 11339.3 |
| വ്യത്യാസം | | | 3222.8 | | |

ഒരു ക്യൂബിക്ക് മീറ്റർ കോൺക്രീറ്റ് ചെയ്യുന്നതിൽ മാത്രം 3222.8 രൂപയുടെ കുറവ് തൊഴിലുറപ്പ് മുഖേന ചെയ്യുമ്പോൾ കിട്ടുന്നു എന്ന് വ്യക്തമാണ്. ഈ താരതമ്യം വിശദമായി വിശകലനം ചെയ്യേണ്ടതും കോൺക്രീറ്റ് വർക്കുകൾ തൊഴിലുറപ്പ് മുഖേന ചെയ്യുന്നതിന്റെ സാധ്യത ഭരണസമിതി പ്രയോജനപ്പെടുത്തേണ്ടതുമാണ്.

നടപ്പാതകളും ചെറിയ ഇടവഴികളും NREGS മുഖേന നിർവ്വഹിച്ചാലുണ്ടാകുന്ന സാമ്പത്തിക മെച്ചം തൊഴിലുറപ്പു മേഖലയിൽ അധികമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും. പൊതുഫണ്ട് ചെലവഴിക്കുമ്പോൾ ഏറ്റവും ചെലവു കുറഞ്ഞ രീതി, ഫലപ്രാപ്തി, വസ്തുനിഷ്ഠത, സുതാര്യത എന്നിവ കണക്കിലെടുക്കേണ്ടതാണ്. പ്രൊജക്ടുകളുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും ക്രിയാത്മകമായ സമീപനം ഉറപ്പാക്കേണ്ടതാണ്.

# 1-34 തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയില്ല

താഴെ പറയുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമനമ്പർ | പേര് | സ്ഥാപനം | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | ഡോ.ഷബ്ന പർവീൺ<br>മെഡിക്കൽ ഓഫീസർ | പി എച്ച് സി വെട്ടത്തൂർ | 2018-19 ഒന്നാം അർദ്ധവർഷം |
| 2 | ഹരിത എ എ<br>അസി. എഞ്ചിനീയർ | വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് | 2018-19 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | അക്കാമ പി സി<br>എസ് പി എം | സബ്ബ് പോസ്റ്റ് ഓഫീസ് പട്ടിക്കാട്. | 2018-19 ഒന്നാം അർദ്ധവർഷം |
| 4 | കാര്യവട്ടം ഇംഗ്ലീഷ് മീഡിയം സ്കൂൾ | ജീവനക്കാർ | 2018-19 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

മേൽ പറഞ്ഞ ഉദ്ധ്യോഗസ്ഥരുടെ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 28/23-11-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മേൽ പട്ടികയിലെ ക്രമനം 1 ഡോ.ഷബ്ന പർവ്വീൻ രശീതി നമ്പർ 119040103837/27.11.19 ) പ്രകാരം 1425/-രൂപ (1250 + 275 int.) അടവാക്കിയത് ബോദ്ധ്യപ്പെട്ടു.ബാക്കി തുകയുടെ അടവ് വിവരം ലഭ്യമാക്കേണ്ടതാണ്

# 1-35 അഗതി രഹിത ഗ്രാമം - ആശ്രയ തുടർ പ്രോജക്ട്- വിലയിരുത്തൽ

പ്രോജക്ട് 260/19 ആശ്രയ പ്രോജക്ടിന് തുക നൽകുന്നതിനാണ്. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ബിൽ 03/13.11.2018 പ്രകാരം പ്ലാൻ ജനറൽ വിഹിതം സി.ഡി.എസ്സിന് കൈമാറിയിട്ടുണ്ട്. ഈ തുക 19.11.2018 ന് ക്യാഷ് ബുക്കിൽ വരവായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിൽ ജാഗ്രത കാണിച്ചിട്ടില്ല. 31.11.2018 ന് ശേഷം 30.06.2019 വരെ സി.ഡി.എസ്സ് ക്യാഷ് ബുക്ക് എഴുതിയിട്ടില്ല. ഈ അപാകത ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് ഈ കാലയളവിലേക്ക് മറ്റൊരു ക്യാഷ് ബുക്ക് പ്രത്യേകമായി എഴുതി തയ്യാറാക്കി. എന്നാൽ വരവ് ചെലവ് ഇനങ്ങളുടെ നറേഷൻ രേഖപ്പെടുത്താതെയാണ് തയ്യാറാക്കിയിട്ടുള്ളത്. സി.ഡി.എസ്സിന്റെ ക്യാഷ് ബുക്ക് അപാകതകൾ നിറഞ്ഞതും വ്യവസ്ഥാപിതവുമായ രീതിയിലല്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

2.ആശ്രയയുടെ തുടർ പ്രോജക്ടായ അഗതി രഹിത ഗ്രാമം അംഗീകാരം നേടിയിട്ടുണ്ട്. 182 ഗുണഭോക്താക്കളാണ് പരിഗണയിൽ ഉള്ളത്. നിലവിൽ 177 ഗുണഭോക്താക്കളാണ് പ്രോജക്ടിന്റെ ഗുണഫലങ്ങൾ അനുഭവിക്കുന്നത്. തുടർ പ്രോജക്ടിൽ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി ഉയർന്നതായി കാണുന്നു.

3.ക്ലേശ ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. എന്നാൽ ക്ലേശ ഘടകങ്ങൾ പരിഗണിക്കാതെയാണ് ലിസ്റ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാവുന്നു. ഭക്ഷണം മാത്രമാണ് തുടർ പ്രോജക്ടിൽ ക്ലേശ ഘടകമായി പരിഗണിച്ചത് .

4.തുടർ പ്രോജക്ടിൽ ഉൾപെട്ട ഗുണഭോക്താക്കളുടെ പേര് വിവരം ബന്ധപ്പെട്ട ഗ്രാമ സഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

5.ചാലഞ്ച് ഫണ്ട് 1048320 രൂപയും പ്ലാൻ വിഹിതം 1572480 രൂപയും ഉൾപെടെ 2620800 രൂപയാണ് അഗതി രഹിത ഗ്രാമത്തിന്റെ ആകെ അടങ്കൽ. ചാലഞ്ച് ഫണ്ട് ഇത് വരെ ലഭ്യമായിട്ടില്ല എന്ന് വ്യക്തമാവുന്നു.

6.ഏപ്രീൽ 2019 മുതൽ ആഗസ്റ്റ് വരെ ഭക്ഷണം നൽകിയ രേഖകൾ ഫയലിൽ ഉണ്ട്. പഞ്ചസാര, ചായപ്പൊടി, വെളിച്ചെണ്ണ, കടല, പരിപ്പ്, അരിപ്പൊടി, എന്നിവ ഉൾപെടുന്ന 400 രൂപയുടെ കിറ്റാണ് ഗുണഭോക്താക്കൾക്ക് നൽകി വരുന്നത്.

7.ലഭ്യമായ രേഖകൾ പ്രകാരം 01.10.2019 ൽ 14881 രൂപ മാത്രമാണ് ബാലൻസ് ഉള്ളത്.ഭക്ഷണം മാത്രം വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ തുടർ പ്രോജക്ട് തയ്യാറാക്കിയതിലെ അസ്വാഭാവികത ശ്രദ്ധയിൽ പ്പെടുത്തുന്നു.

# 1-36 കുഴൽ കിണർ നിർമാണം. പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയതാണ് 127/19, 178/19 പ്രോജക്ടുകൾ. പ്രോജക്ടുകളുടെ ഭാഗമായി പത്ത് സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് / ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ബിൽ നമ്പർ/തുക |
|---|---|---|---|
| 127/19 പട്ടിക ജാതി സങ്കേതങ്ങളിൽ കുഴൽ കിണർ - SCP | 238640 | 234737 | 01/24.05.2018-11040<br>04/14.11.2018-223697 |
| 178/19 പൊതു കുഴൽ കിണർ- തനത് ഫണ്ട് | 200920 | 200273 | ചെക്ക് 2455046/22.12.18 |

എസ്.സി.പി ഫണ്ട് ഉപയോഗിച്ച് വാർഡ് നാലിലെ തിരുത്തിയിൽ കോളനി, വാർഡ് ഒൻപതിലെ കണ്ണംതൊടി കോളനി, വാർഡ് ഒൻപതിലെ കണ്ണംതൊടി വാക്കയിൽ കോളനി, വാർഡ് ഒൻപതിലെ നടുകളത്തിൽ കോളനി, വാർഡ് പത്തിലെ നടുകളത്തിൽ കോളനി എന്നി സ്ഥലങ്ങളിലും തനത് ഫണ്ട് ഉപയോഗിച്ച് വാർഡ് പതിനഞ്ചിലെ എൽ.പി. സ്കൂൾ പ്പടി, മദീന റോഡ് (രണ്ടെണ്ണം), ആശാരിപ്പടി, പള്ളിപ്പടി എന്നീ സ്ഥലങ്ങളിലും കുഴൽ കിണർ കുഴിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ട് പ്രോജക്ട് ഫയലുകളും പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. കണ്ണംതൊടി കോളനി, വാർഡ് പത്തിലെ നടുകളത്തിൽ കോളനി എന്നീ സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തിയുടെ ഭൂമിയിലാണ് കുഴൽ കിണർ സ്ഥാപിക്കുന്നത്. എന്നാൽ ഈ ഭൂമി പഞ്ചായത്തിന് പൊതു ആവശ്യത്തിന് വിട്ട് നൽകിയതായി വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

2. എസ്റ്റിമേറ്റിൽ ഹാന്റ് പമ്പ് സ്ഥാപിക്കുന്നതിനാണ് തുക വകയിരുത്തിയത്. എന്നാൽ കുഴൽ കിണർ കുഴിച്ച് എൻഡ് ക്യാപ്പ് വെച്ച് അടക്കുകയാണ് ചെയതിട്ടുള്ളത് എന്ന് കാണുന്നു. ഫലത്തിൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

3. ഈ കുഴൽ കിണറുകൾ എപ്രകാരമാണ് പ്രയോജനപ്പെടുത്തുന്നത് എന്ന് വ്യക്തമല്ല. കുടിവെള്ള പദ്ധതികളുടെ ഭാഗമാക്കി ഉപയോഗപെടുത്തുന്നതായും രേഖപ്പെടുത്തിയിട്ടില്ല.

4. ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെ ഫീസിബിലിറ്റി ടെസ്റ്റിന്റെ അടിസ്ഥാനത്തിലാണ് കുഴൽ കിണർ കുഴിക്കുന്നത്. അതേസമയം, വർക്കുകൾ പൂർത്തിയാക്കിയ ശേഷം വെള്ളം ലഭ്യമാണോ എന്നത് സംബദ്ധിച്ച് കരാറുകാരനോ, നിർവഹണ ഉദ്യോഗസ്ഥനോ, വാർഡ് മെമ്പറോ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

5. സ്ഥിരം സമിതികളാണ് പ്രോജക്ട് പൂർത്തിയ ശേഷം മോണിറ്ററിങ്ങ് സമിതികളായി പ്രവർത്തിക്കേണ്ടത്. എന്നാൽ മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.
പരാമർശിത പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-37 തെരുവ് വിളക്ക് സ്ഥാപിക്കൽ- രേഖകൾ പൂർണമല്ല.

പട്ടിക ജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തുന്ന 284/2019 പ്രജക്ട്. എസ്.സി.പി ഫണ്ട് 69524 രൂപയും, ധനകാര്യ കമ്മീഷൻ ഗ്രാന്റ് 50000 രൂപയും, തനത് ഫണ്ട് 19080 രൂപയും ഉൾപ്പെടെ 138604 രൂപയാണ് അടങ്കൽ. പ്രോജക്ടിനായി 137524 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ബിൽ 06/28.11.2018 പ്രകാരം 69524 രൂപയും ബിൽ 05/28.01.2018 പ്രകാരം 50000 രൂപയും തനത് ഫണ്ട് 18000 രൂപയും ചെലവ് ചെയ്തിട്ടുണ്ട്. (ചെക്ക് 2455041/ 22.12.18)

ടെണ്ടർ നടപടികളിലൂടെയാണ് പ്രോജക്ട് നിർവഹണം നടത്തുന്നത്. എ.ശാഫി എന്ന കരാറുകാരനാണ് കരാർ പ്രകാരം വർക്ക് ഏറ്റെടുത്തിട്ടുള്ളത്. പതിനാറ് വാർഡുകളിൽ 30 വാട്ട് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട്. അക്സസറീസ് ഉൾപെടെ 2300 രൂപക്കാണ് വർക്ക് ഓർഡർ നൽകുന്നത്. ഫയൽ പരിശോധിച്ച് താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.വിളക്കുകൾ ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിച്ചു എന്ന് വ്യക്തമല്ല.KSEB യുടെ അനുമതിയും സാക്ഷ്യപത്രവും ഫയലിൽ വെച്ചിട്ടില്ല.

2.വാർഡ് മെമ്പർമാരിൽ നിന്ന് installation സംബന്ധിച്ച സാക്ഷ്യപത്രം വാങ്ങി ഫയലിൽ വെച്ചിട്ടില്ല.

3.സപ്ളെ ചെയ്ത ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ച യാതൊരു വിവരവും കരാർ പത്രത്തിൽ ഉൾപെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കുന്ന വ്യവസ്ഥകൾ ഉൾപെടുത്താതെയാണ് കരാർ ചമച്ചിട്ടുള്ളത്.

4.ഏതെല്ലാം സ്ഥലങ്ങളിൽ, ഏതെല്ലാം കോളനികളിൽ വിളക്കുകൾ സ്ഥാപിക്കണം എന്ന് വ്യക്തമാക്കുന്ന ലിസ്റ്റ് ഗ്രാമ പഞ്ചായത്ത്, കരാറുകാരന് നല്കിയിട്ടില്ല.

5.ഏതെല്ലാം സ്ഥലങ്ങളിൽ, ഏതെല്ലാം കോളനികളിൽ വിളക്കുകൾ സ്ഥാപിച്ചു എന്ന് വ്യക്തമാക്കുന്ന ലിസ്റ്റ് കരാറുകാരൻ , ഗ്രാമ പഞ്ചായത്തിനും ല്കിയിട്ടില്ല.

ഈ വിളക്കുകളുടെ നിലവിലെ അവസ്ഥ വിശദമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ വൈകാതെ ലഭ്യമാക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകി.

## 1-38 പ്രോജക്ട് നിർഹണം ഒരു വിലയിരുത്തൽ

ഗ്രാമ പഞ്ചായത്ത് വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന നിർവഹണം നടത്തുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റുകൾ വിനിയോഗച്ച തുകയുടെ വിവരം എന്നിവ രേഖപ്പെടുത്തിയ പട്ടിക താഴെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | നിർവഹണം നടത്തിയത് | നിർവഹണം നടത്താത്തവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 0 | 3866475 | 3500760 | 90.54 |
| വെറ്റിനറി സർജൻ | 9 | 9 | 0 | 4524300 | 4227901 | 81.91 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 2 | 2832714 | 1545034 | 54.54 |
| ICDS സൂപ്പർവൈസർ | 6 | 6 | 0 | 5754950 | 4316570 | 75.06 |
| ഹെഡ് മാസ്റ്റർ | 5 | 4 | 1 | 897700 | 847251 | 94.38 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 191 | 136 | 55 | 43039178 | 27598944 | 64.12 |
| മെഡിക്കൽ ഓഫീസർ | 4 | 4 | 0 | 900000 | 865442 | 96.16 |
| വി.ഇ.ഒ | 10 | 10 | 1 | 11135298 | 7833380 | 70.34 |
| സെക്രട്ടറി | 26 | 18 | 8 | 5644142 | 2835517 | 50.23 |
| ആകെ | 267 | 200 | 67 | 79231957 | 53570799 | 67.61 |

കൂടുതൽ പ്രോജക്ടുകൾ നിർവഹണം നടത്തേണ്ട അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നതായി വ്യക്തമാവുന്നു. സെക്രട്ടറി അനുവദിച്ച ഫണ്ടിന്റെ 50 ശതമാനവും, അസിസ്റ്റന്റ് സെക്രട്ടറി 54 ശതമാനവും മാത്രമാണ് ചെലവഴിച്ചത് എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ 64 ശതമാനം മാത്രമാണ് വിനിയോഗിച്ചത്. ഫണ്ട് വിനിയോഗത്തിലെ വേഗതയില്ലായ്മയും പുരോഗതിയില്ലായ്മയും ഭരണസമിതി വിലയിരുത്തൽ നടത്തേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തന പുരോഗതി യഥാസമയം വിലയിരുത്തൽ നടത്തി ലഭ്യമായ ഫണ്ട് ഫലപ്രദമായ വിധത്തിൽ പൊതുസമൂഹത്തിന് പ്രയോജനപ്പെടുന്ന വിധത്തിൽ ക്രമീകരിക്കാൻ സ്ഥിരം സമിതികൾ ഇടപെടേണ്ടതാണ്.

## 1-39 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -സപ്ളെയർക്ക് അധിക തുക നൽകി

വെറ്ററിനറി സർജൻ നിർവഹണം നടത്തുന്ന 156/19 വെറ്ററിനറി ഡിസ്പെൻസറിക്ക് അടിസ്ഥാന സൌകര്യം എന്ന പ്രോജക്ടിൽ മെയിന്റനൻസ് ഗ്രാന്റ് ഒരു ലക്ഷം രൂപയാണ് വകയിരുത്തിയത് . ഇതിൽ 50151 രൂപ ബിൽ 14/28.02.2019 പ്രകാരം പിൻവലിച്ച് കെൽട്രോണിന്റെ 3959 ൽ അവസാനിക്കുന്ന ബാങ്ക് അക്കൌണ്ടിലേക്ക് ട്രൻസ്ഫർ ചെയ്തതായും വ്യക്തമാവുന്നു. ഈ തുക ഉപയോഗിച്ച് കമ്പ്യൂട്ടർ വാങ്ങിയതായിട്ടാണ് രേഖകൾ വ്യക്തമാക്കുന്നത്.

വെറ്ററിനറി ഓഫീസിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ മാത്രവകുപ്പ് സപ്ളെ ചെയ്യാൻ സാധ്യതയുണ്ട് എന്ന് വിലയിരുത്തിയ വികസന സ്ഥിരം സമിതിയുടെ 03.08.2018 ലെ തീരുമാന പ്രകാരം പ്രോജക്ട് നിർവഹണം നീട്ടിവെക്കാൻ ശുപാർശ ചെയ്യുന്നുണ്ട്. എന്നാൽ മാത്രവകുപ്പ് കമ്പ്യൂട്ടർ സപ്ളെ ചെയ്യോ എന്ന് വിലയിരുത്തൽ നടത്താതെയാണ് പ്രോജക്ട് നിർവഹണം നടത്തിയത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

AHV01/18-19 വൌച്ചർ പ്രകാരമുള്ള പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. 46586 രൂപ വിലവരുന്ന ഡെസ്ക് ടോപ്പ് , 3565 രൂപ വിലവരുന്ന 600VA UPS എന്നിവയാണ് ഉൾപെടുന്നത്. എന്നാൽ ഫയലിൽ ഉള്ളടക്കം ചെയ്ത ടാക്സ് ഇൻവോയ്സ് J9PUA66252 dtd 20.05.2019 പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിന് ആകെ ചെലവ് 44368 രൂപയും യു.പി.എസ്സ് വാങ്ങുന്നതിന് 3628/31.07.2019 ഇൻവോയ്സ് പ്രകാരം 3565 രൂപയും മാത്രമാണ് ചെലവ്. എന്നാൽ സപ്ളെ ചെയ്ത ഏജൻസിക്ക് 50151 രൂപ നൽകിയതായി കാണുന്നു. 2218 രൂപ സപ്ളെയർക്ക് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ 2218 രൂപ തിരിച്ചടവാക്കേണ്ടതാണ്.

## 1-40 ഡെപ്പോസിറ്റ് വർക്ക് -വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ തുക വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ വിശദവിവരം | അനുവദിച്ച തുകയുടെ വിവരം | സ്ഥാപനം |
|---|---|---|
| പ്രൊജക്ട് നം. S0126/2019<br>ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ചെക്ക് നം. 5187281/<br>21-05-2018 : 20,965 രൂപ | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, പട്ടിക്കാട് |
| പ്രൊജക്ട് നം. S0081/ 2019<br>സ്ട്രീറ്റ് ലൈൻ വലിക്കൽ | ബിൽ നം. 4/23-05-2018 : 103385<br>ബിൽ നം. 15/31-07-2018 : 144990<br>ബിൽ നം. 22/27-10-2018 : 77000<br>ചെക്ക് നം. 5187282/21-052018 : 101625 | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, പട്ടിക്കാട് |
| പ്രൊജക്ട് നം. S0080/2019<br>കുന്നത്ത് കോളനി കുടിവെള്ള പദ്ധതി വൈദ്യുതീകരണം | ബിൽ നം. 03/30-04-2018 : 10617<br>ബിൽ നം. 14/31-07-2018 : 39383<br>ബിൽ നം. 20/27-10-2018 : 11024 | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, പട്ടിക്കാട് |
| പ്രൊജക്ട് നം. S0297/2019<br>താമരത്ത് കോളനി കുഴൽക്കിണർ നിർമ്മാണം | വൗ.നം. 21800949/ 06-03-2019 : 69200/-രൂപ | GWD, മലപ്പുറം |
| ആകെ തുക : 5,78,189/രൂപ | | |

ഈ സ്ഥാപനങ്ങളിൽ നിന്ന് തുകകളുടെ രശീതി, പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 5,78,189 രൂപ തടസ്സം ചെയ്യുന്നു. 14/22.11.19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, സ്ഥാപനങ്ങളിൽ നിന്ന് രേഖകൾ ലഭ്യമാക്കി ഹാജരാക്കാമെന്ന് അറിയിച്ചു.

## 1-41 പിരിച്ചെടുത്ത ലൈബ്രറിസെസ് സമയ ബന്ധിതമായി അടവാക്കിയില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ.തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2017-18ലെ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് (രണ്ടാം ഗഡു) 20-12-2018 ലെ വൗച്ചർ നമ്പർ 21800732 പ്രകാരം മാത്രമാണ് ലൈബ്രറി കൗൺസിലിൽ അടവാക്കിയത്. ആയതിൻെറ രശീതി പരിശോധനക്ക് ലഭ്യമായിട്ടുമില്ല.സർക്കാർ നിർദ്ദേശം കർശനമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
15/22.11.19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, ഭാവിയിൽ ആയത് സമയബന്ധിതമായി അടവാക്കുന്നതിന് ശ്രദ്ധിക്കുമെന്ന് അറിയിച്ചു.

## 1-42 പേ റിവിഷൻ അരിയർ -ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം ശമ്പള കുടിശ്ശിക (മൂന്നും നാലും ഗഡു) അനുവദിച്ചിട്ടുണ്ട്. എന്നാൽ ശമ്പള കുടിശ്ശിക തുകയിലുൾപെട്ട അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ജീവനക്കാരന്റെ പേര് | വൗച്ചർ നമ്പർ/തുക | ശമ്പള വർദ്ധനവ് |
|---|---|---|
| ശ്രീമതി രാഗിണി എ.ആർ, അക്കൗണ്ടന്റ് | 21800136/ 24-05-2018 116687 | 16752 |
| ശ്രീമതി അഷിത കാരയിൽ, സീനിയർ ക്ലാർക്ക് | | 9156 |
| ശ്രീമതി ഫാത്തിമത്ത് സുഹ്റ, സീനിയർ ക്ലാർക്ക് | | 15721 |
| ശ്രീമതി നിമ്മി ജേക്കബ്, അസി. സെക്രട്ടറി | | 18458 |
| ശ്രീമതി നജ്മുന്നിസ, ക്ലർക്ക് | | 11120 |
| ശ്രീമതി സുമ ഒ.ബി, ക്ലർക്ക് | | 5527 |
| ശ്രീ. ഇസ്മയിൽ പി.പി, സീനിയർ ക്ലാർക്ക് | | 14955 |
| ശ്രീ. അബ്ദുസലീം, ഹെഡ് ക്ലർക്ക് | | 24998 |
| ശ്രീ. സുരേഷ് ബാബു, സെക്രട്ടറി | 21800235/ 03-07-2018 | 25961 |

| | | |
|---|---|---|
| | 39,932 | |
| ശ്രീ. സുരേഷ് ബാബു, സെക്രട്ടറി | 21800250/<br>04-07-2018<br>65033 | 24021 |
| ശ്രീ. ശ്രീധരൻ,<br>സീനിയർ ക്ലാർക്ക് | | 20381 |
| ശ്രീമതി മായ.ഡി, അസി. സെക്രട്ടറി | | 20631 |
| ശ്രീമതി പ്രേമ വി.ജി, സെക്രട്ടറി | 21800407/<br>18-09-2018<br>9844 | 8197 |
| ശ്രീമതി പ്രേമ വി.ജി, സെക്രട്ടറി | 21800407/<br>18-09-2018<br>28483 | 24768 |
| ശ്രീമതി ഷാഹിന,<br>സീനിയർ ക്ലാർക്ക് | ചെക്ക് നം.12577/<br>27-09-18<br>32757 | 25200 |
| ശ്രീമതി മായ.ഡി,<br>അസി. സെക്രട്ടറി | ചെക്ക് നം. 12587/01-10-2018<br>153951 | 19903 |
| ശ്രീമതി നിമ്മി ജേക്കബ്,<br>അസി. സെക്രട്ടറി | | 17804 |
| ശ്രീ. അബ്ദുസലീം, ഹെഡ് ക്ലർക്ക് | | 24114 |
| ശ്രീ. രാഗിണി എ.ആർ,<br>അക്കൗണ്ടൻറ് | | 16162 |
| ശ്രീമതി ഫാത്തിമത്ത് സുഹ്റ, സീനിയർ ക്ലാർക്ക് | | 15167 |
| ശ്രീമതി അഷിത,<br>സീനിയർ ക്ലാർക്ക് | | 8830 |
| ശ്രീമതി നജ്മുന്നിസ, ക്ലർക്ക് | | 10726 |
| ശ്രീമതി സുമ ഒ.ബി, ക്ലർക്ക് | | 5330 |
| ശ്രീ. ഇസ്മയിൽ പി.പി,<br>സീനിയർ ക്ലാർക്ക് | | 14426 |
| ശ്രീ. ശ്രീധരൻ. വി, ക്ലർക്ക് | | 19662 |

ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 23-11-2019ലെ KL0108567971920Mനമ്പർ ചലാൻ പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 57,790രൂപ അടവാക്കി.

## 1-43 പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്ററുകൾ വാങ്ങിയത് - പദ്ധതിയിലെ അപാകതകൾ

പ്രൊജക്ട് : പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിൻററുകളും വാങ്ങൽ

S0183/19 അടങ്കൽ : 108200 (തനത് ഫണ്ട്)

നിർവ്വഹണം : സെക്രട്ടറി ചെക്ക് നം. 1654113/31-12-2018 : 100632

ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിൻററുകളും വാങ്ങുന്നതിന് തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം 6 പ്രിൻററുകൾ നിസ്ഡൻ ഇൻഫോ വേ, പെരിന്തൽമണ്ണയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ആയതിൻെറ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. കമ്പ്യൂട്ടറും പ്രിൻററുകളും വാങ്ങുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയെങ്കിലും മുഴുവൻ തുകക്കുമായി 6 പ്രിൻററുകൾ വാങ്ങുകയാണ് ചെയ്തിരിക്കുന്നത്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നത് കെൽട്രോൺ മുഖേന 'സെൻട്രലൈസ്ഡ് പ്രൊക്വർമെന്റ് റേറ്റ് കോൺട്രാക്റ്റ് സിസ്റ്റം' ഉപയോഗിച്ചാവണം എന്ന് 18.11.2017ലെ സ.ഉ (എം.എസ്) 24/17/ITD, 1.2.2018 ലെ സ.ഉ (ആർ.ടി)25/18/ITD എന്നീ ഉത്തരവുകളിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്വകാര്യ സ്ഥാപനത്തിൽ നിന്ന് പ്രിന്റർ വാങ്ങിയതിന് കാരണം അറിയിക്കേണ്ടതാണ്

3. നിസ്ഡൻ ഇൻഫോ വേ, പെരിന്തൽമണ്ണ എന്ന സ്ഥാപനവുമായി വെച്ച 7/28-11-2018 -ാം നമ്പർ കരാർ പ്രകാരം പ്രസ്തുത സ്ഥാപനം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടവാക്കേണ്ടതുണ്ട്. അപ്രകാരം തുക ഈടാക്കിയിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
17/22.11.19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിക്കുമെന്നാണ് അറിയിച്ചത്.

# 1-44 തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തി - അപാകതകൾ

പ്രൊജക്ട് : തെരുവ് വിളക്ക് റിപ്പയർ (S0010/19)

അടങ്കൽ : 3,00,000 (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) നിർവ്വഹണം : സെക്രട്ടറി
ചെലവ് : 299198

ബിൽ നം. 21/27-10-2018 : 111578 ബിൽ നം. 25/13-11-2018 : 134820

ബിൽ നം. 30/18-02-2019 : 52800

മേൽ പ്രൊജക്ടിൻെറ കീഴിൽ 16 വാർഡുകളിലായി 176 തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിൻെറ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. തെരുവ് വിളക്ക് റിപ്പയറിനാണ് പ്രൊജക്ടിന് അനുമതി ലഭിച്ചിട്ടുള്ളത് എന്നാൽ പഴയത് മാറ്റി പുതിയ വിളക്കുകൾ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്.

2.ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കേണ്ട തെരുവ് വിളക്കുകളുടെ ഇനം,വാട്ട്,സ്ഥാനം എന്നിവ വിശദമാക്കുന്ന റജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിളക്കുകളുടെ വാറണ്ടി സംബന്ധിച്ച് കരാറിൽ വ്യവസ്ഥയില്ല.

3. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള, പരാതി റജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
19/22.11.19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, എഗ്രിമെന്റിൽ ഒരു വർഷത്തെ വാറണ്ടി ഉൾപ്പെടുത്തി എന്നാണ് അറിയിച്ചത്. അപാകതകൾ പരഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>ഭാഗം 2</u>

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ട്രസ്സ് വർക്ക് അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല നഷ്ടം 13369/*രൂപ

പഞ്ചായത്തിന് കൈമാറിക്കിട്ടിയ കെട്ടിടങ്ങളുടെ മുകൾ ഭാഗം "ഷീറ്റിടൽ" എന്ന പേരിൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ പ്രോജക്ടിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വശങ്ങളിലും മുകളിലും ഷീറ്റ് വർക്ക് നടത്തിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ ട്രസ്സ് വർക്കിന് DSR കോഡ് 50.10.2 പ്രകാരം അനുവദിക്കാവുന്ന സിംഗിൾ സെക്ഷൻ വർക്കുകൾ മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് (സംയുക്ത പരിശോധന 25.11.2019 ന് )വ്യക്തമായിട്ടുണ്ട്. എന്നാൽ DSR കോഡ് 50.10.1 പ്രകാരമുള്ള നിരക്കുകളാണ് ഇത്തരം പർളിൻ വർക്കുകൾക്കായി കരാറുകാരന് നൽകിയത് എന്ന് പരിശോധനയിൽ നിന്ന് വ്യക്തമാവുന്നു. വിശദവിവരം താഴെ കൊടുക്കുന്നു. ഈയിനത്തിൽ കരാറുകാരന്/ കൺവീനർക്ക് അധികം നൽകിയ തുകയുടെ വിവരെ താഴെ കൊടുക്കുന്നു.

| പ്രോജക്ട് | അനുവദിച്ച തുക<br>DSR 50.10.1<br>@137.46/kg | അനുവദിക്കാവുന്ന തുക<br>DSR50.10.2@111.93/kg | അധികം |
|---|---|---|---|
| (1)216/19 FWCഓഫീസ് ഷീറ്റിടൽ(അടങ്കൽ -150000)<br>കരാറുകാരൻ :ജിഷാദ് .പി.<br>എഗ്രി:-66/AE/LSG/VTR/13.12.17<br>ബിൽ 48/18-19/31.07.2018<br>തുക : 115299/-<br>അളവ് പുസ്തകം :195/17-18<br>നിരക്ക് DSR 2016, Cost Index 37.25% | എെറ്റം നം (1) 279.67 kg @137.46(പേജ് 4)<br>= 38443/- | 279.67kg@111.93<br>=31303/- | 7140/-രൂപ അടവാക്കി രശീതിനം -119040103842/28.11.19 |
| (2)199/19 FWCഓഫീസ് വശങ്ങൾ ഷീറ്റിടൽ (അടങ്കൽ -<br>കറാറുകാരൻ :സുനിൽകുമാർ.പി<br>ബിൽ 29/28.5.2018 തുക: 165187<br>അളവ് പുസ്തകം :166(A)/17-18<br>നിരക്ക് DSR 2016, Cost Index 40.2% | 577.5 kg @123.87<br>= 71534.92 | 577.5kg @ 111.93<br>= 64639.57 | 6895/-രൂപ അടവാക്കി രശീതിനം -119040103844/28.11.19 |
| (3)198/19 FWC റിപ്പയർ<br>കൺവീനർ ഷൌക്കത്തലി<br>ബിൽ 3/18-19/24.5.18<br>തുക : 132702/- | 144.83 kg @140.36/kg<br>= 20328/*-<br>(DSR 50.10.1) | 144.83kg @ 115.15/kg<br>= 16677/-* | 3651/-രൂപ അടവാക്കി രശീതിനം -119040103843/28.11.19 |

| | | | |
|---|---|---|---|
| അളവ് പുസ്തകം :182/17-18<br>നിരക്ക് DSR 2016, Cost Index 36.19% | | | |
| (4)188/19-തേലക്കാട് സ്കൂൾറിപ്പയർ<br>കൺവീനർ -ശശികുമാർ<br>ബിൽ 4/18-19/24.5.18<br>തുക : 452170/-<br>അളവ് പുസ്തകം :182/17-18<br>നിരക്ക് DSR 2016, Cost Index 36.19% | എെറ്റം (1) 530.03kg @140.36/kg<br>= 74402/-<br>(DSR 50.10.1) | 530.03kg @ 115.15/kg<br>= 61033/- | 13369/- |

4 പ്രവർത്തികളിലായി അധികം നൽകി തുകയുടെ ബാധ്യത നിർവഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ നഷ്ടോത്തരവാദിത്വമായി കണക്കാക്കുന്ന ഉത്തരവാദിയിൽ നിന്നും തുക ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/18-19/26.11.19)ലഭ്യമാക്കിയ മറുപടിയിൽ ക്രമനം (1),(2),(3) എന്നിവയിലെ തുക അടവാക്കിയ രശീതി ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ക്രമനം (4) പ്രകാരമുള്ള നഷ്ടം ഈടാക്കി നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ് .

## 3-2 കൺവീനർ വർക്ക് -O.H കുറവ് ചെയ്യാതെ തുക 10295/-രൂപ അധികം നൽകിയത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നം-244/19 -മേൽക്കുളങ്ങര GLPS കെട്ടിട നിർമ്മാണം | അടങ്കൽ -685000 (M.G.N.R) |
| ചെലവ് 661298/-രൂപ | കൺവീനർ -ഉസ്മാൻ .കെ.പി |
| എംബുക്ക് -130/17-18 | എഗ്രിമെൻറെ -67/AE/VTR/ 18.12.17 |
| ബിൽ നം 47/18-19/19.7.18 (ഫൈനൽ ) | തുക 205874/- |

എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ (2016 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് DSR-2014 COST INDUX 36.19%-TS 18.8.2016 )10% OVER HEAD CHARGES എന്ന ഹെഡിൽ (TAX PROVISION ) ഓരോ എെറ്റത്തിലും അനുവദിച്ചിട്ടുള്ളതാണ് .എന്നാൽ 2018-19 ൽ വാറ്റ് ഈടാക്കേണ്ടതില്ല എന്നതിനാൽ ആകെ പ്രവർത്തി മൂല്യത്തിൽ നിന്നും 5%കുറവ് ചെയ്ത് മാത്രമേ കൺവീനർക്ക് തുക അനുവദിക്കാവൂ. എന്നാൽ വാറ്റ് തുക കുറവ് ചെയ്യാതെ . ടി തുക കൺവവീനർക്ക് നൽകിയിട്ടുണ്ട് വിശദീകരണം ലഭ്യമാക്കേണ്ടതാണ് വിശദവിവരം ചുവടെ ചേർക്കുന്നു

| തുക അനുവദിച്ചത് | തുക അനുവദിക്കാവുന്നത് |
|---|---|
| ഫസ്റ്റ് & പാർട്ടി ബിൽ 455424<br>പ്രവർത്തി മൂല്യം 455424<br>(-) 5% വാറ്റ് (അധികം ) 22771<br>(-) റിട്ടെൻഷൻ 10% 45542<br>(-) ആദായ നികുതി 2% 9108<br>(-) വെൽഫെയർ ഫണ്ട് 1% 4554<br>കൺവീനർ 373449 | ഫസ്റ്റ് & പാർട്ടി ബിൽ 455424<br>പ്രവർത്തി മൂല്യം 455424<br>(-) 5% വാറ്റ് (അധികം ) 22771<br>(-) റിട്ടെൻഷൻ 10% 45542<br>(-) ആദായ നികുതി 2% 9108<br>(-) വെൽഫെയർ ഫണ്ട് 1% 4554<br>കൺവീനർ 373449 |

| തുക അനുവദിച്ചത് | തുക അനുവദിക്കാവുന്നത് |
|---|---|
| IInd & ഫൈനൽ ബിൽ 205874 | IInd & ഫൈനൽ ബിൽ 205874 |

| | | | |
|---|---|---|---|
| പ്രവർത്തി മൂല്യം | 205874 | പ്രവർത്തി മൂല്യം | 205874 |
| (-) 5% വാറ്റ് (അധികം ) | 0 | (-) 5% വാറ്റ് (അധികം ) | 10295 |
| (-) റിട്ടെൻഷൻ 10% | 20587 | (-) റിട്ടെൻഷൻ 10% | 20587 |
| (-) ആദായ നികുതി 2% | 4117 | (-) ആദായ നികുതി 2% | 4117 |
| (-) വെൽഫെയർ ഫണ്ട് 1% | 2059 | (-) വെൽഫെയർ ഫണ്ട് 1% | 2059 |
| കൺവീനർ | 179111 | കൺവീനർ | 168816 |
| | | അധികം | 10295 |

മേൽ അപാകത പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 5/18-19/21.11.2019)മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹ 10295/- യുടെ ചെലവ് നിരാകരിക്കുന്നു.

## 3-3 മരാമത്ത് -പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ പിഴ 25760/-രൂപ ഈടാക്കിയിട്ടില്ല

നിർവ്വഹണോദ്ധ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം എ.സി.2/223/2015/ത.സ്വ.ഭ.വ/18.8.2018 പ്രകാരം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പിഴയോടുകൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.ആദ്യത്തേ മൂന്ന് മാസത്തിന് 1% വീതവും (പരമാവധി 1000 രൂപയിൽകുറയാതെയും 50000 രൂപയിൽ അധികരിക്കാതെയും )പിന്നിട് വരുന്ന ഓരോ 3 മാസത്തിനും 2% വീതവും (പരമാവധി 2000 രൂപയിൽകുറയാതെയും 100000 രൂപയിൽ അധികരിക്കാതെയും )ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ പഞ്ചായത്ത് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.വിശദ വിവരം താഴെകൊടുക്കുന്നു

1) പൂളപറമ്പ് അംഗനവാടി കെട്ടിടം 209/19

അടങ്കൽ: 8,00,000 രൂപ കരാറുകാരൻ: ശ്രീ.സവാദ് .സി.കെ

കരാർ: 99/AE/VTR/16-17/6.5.17 (PAC: 698338 രൂപ) കരാർ തുക : 698338 രൂപ

അളവ് പുസ്തകം : 207/17-18

പ്രവൃത്തിസ്ഥലം കൈമാറിയ തിയതി : 6-5-2017(എഗ്രിമെൻറ് തീയ്യതി )

കരാർ കാലവധി : 6 മാസം (6.5.2017- 6.11.2017)

പൂർത്തീകരിക്കേണ്ട തീയതി : 6-11-2017

പൂർത്തീകരിച്ചതീയതി : 2.06.2018(അവസാന ചെക്ക് മെഷർ ചെയ്ത് തീയ്യതി-എംബു ക്ക് പോജ് -36)

ചെലവ് : 675307 രൂപ (ബിൽ-ചെക്ക് നമ്പർ 5187294/4.8.2018)

ഈടാക്കേണ്ട പിഴ

ആദ്യ തവണ PAC യുടെ 1%(7.11.17 -6.2.2018 ) (PAC- 698338) : 6983 രൂപ (6.11.2017 – 5.1.2018)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%(7.2.2018-6.5.2018 ) : 13966 രൂപ (6.1.2018 – 5.3.2018)

ശേഷം വരുന്ന 3 മാസത്തേക്ക് PAC യുടെ 2%(7.5.2018-7.6.2018 ) : 4811 രൂപ

ആകെ :25760 രൂപ.

ഇക്കാര്യം പരിശോധിച്ച് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് . പിഴയിനത്തിലുള്ള 25760 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -6/18-19/20.11.19 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 മരാമത്ത് പ്രവർത്തി -പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചത് 23200/-രൂപഫൈൻ ഈടാക്കാതെ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം എ.സി.2/223/2015/ത.സ്വ.ഭ.വ/18.8.2018 പ്രകാരം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പിഴയോട്ടുകൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.ആദ്യത്തേ മൂന്ന് മാസത്തിന് 1% വീതവും (പരമാവധി 1000 രൂപയിൽകുറയാതെയും 50000 രൂപയിൽ അധികരിക്കാതെയും )പിന്നീട് വരുന്ന ഓരോ 3 മാസത്തിനും 2% വീതവും (പരമാവധി 2000 രൂപയിൽകുറയാതെയും 100000 രൂപയിൽ അധികരിക്കാതെയും )ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ പഞ്ചായത്ത് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.വിശദ വിവരം താഴെകൊടുക്കുന്നു

1) കാര്യവട്ടം കുടിവെള്ളപദ്ധതി 217/19

അടങ്കൽ: 3,00,000 രൂപ കരാറുകാരൻ: ഉമ്മർ.കെ

കരാർ: 95/AE/VTR/16-17/22.1.18 (PAC: 300000 രൂപ)

കരാർ തുക : 300000 രൂപ

അളവ് പുസ്തകം :93/18-19

പ്രവൃത്തിസ്ഥലം കൈമാറിയ തിയതി : 22.1.2018(എഗ്രിമെൻെറ് തീയ്യതി )

കരാർ കാലവധി : 6 മാസം

പൂർത്തീകരികകേണ്ടതീയതി : 22.6.2018

പൂർത്തീകരിച്ചതീയതി : 14.3.2019(അവസാന ചെക്ക് മെഷർ ചെയ്ത് തീയ്യതി)

ചെലവ് : 277000രൂപ (ബിൽ-111/18-19/23.3.2019

ഈടാക്കേണ്ട പിഴ

ആദ്യ തവണ PAC യുടെ 1% (PAC- 300000)( 23.6.2018-22.9.2018) : 3000 രൂപ (23.6.2018 – 22.8.2018)

ആദ്യ തവണക്ക് ശേഷം ( PAC യുടെ 2% ) (23.9.2018-22.12.2018 ) : 6000 രൂപ (23.8.2018 – 22.10.2018)

അടുത്ത 3 മാസത്തേക്ക് ( PAC യുടെ 2% ) (23.12.2018-14.3.2019 ) : 5467 രൂപ
ആകെ :14467/-രൂപ.

2) പള്ളിക്കുന്ന് അയൽസഭ കിണർ 235/19

അടങ്കൽ: 300,000 രൂപ കരാറുകാരൻ: ശ്രീ.ആലിപ്പ.എം

കരാർ: 115/AE/VTR/17-18/19.3.2018 (PAC:3000000 രൂപ)

കരാർ തുക : 3000000 രൂപ

അളവ് പുസ്തകം : 91/18-19

പ്രവൃത്തിസ്ഥലം കൈമാറിയ : 19.3.2018(എഗ്രിമെൻറ് തീയ്യതി )

കരാർ കാലവധി : 6 മാസം

പൂർത്തീകരികകേണ്ടതീയതി : 19.9.2018

പൂർത്തീകരിച്ചതീയതി : 14.3.2019(അവസാന ചെക്ക് മെഷർ ചെയ്ത് തീയ്യതി

ചെലവ് : 300000 രൂപ (ചെക്ക് നമ്പർ -12794/31.3.2019)

ഈടാക്കേണ്ട പിഴ

ആദ്യ തവണ PAC യുടെ 1% (PAC- 300000) : 3000 രൂപ (20.9.2018-20.11.2018 )

ആദ്യ തവണക്ക് ശേഷം PAC യുടെ 2% : 5733 രൂപ (20.11.2018 -20.1.2019

ആകെ :8733 രൂപ.

പിഴയിനത്തിലുള്ള 23200/- രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -6/18-19/20.11.19 )മറുപടി ലഭ്യമാക്കിയിട്ടില്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് അനുവദിച്ചത് സംബന്ധിച്ച്

| വാർഷിക കണക്കുകൾ പരിശോധന നടത്തിയ തിയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് നമ്പറും തിയതിയും |
|---|---|
| 22.07.2019മുതൽ 23.07.2019 വരെ | കെ.എസ്. വിവരംഎ.എം.പി.എം.(11)/1042/2019 തിയതി 24.08.2019 |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചാ. | 18-19 | 509711 | ലൈഫ് പദ്ധതി | 354613 | 155158 |
| ബ്ലോക്ക് പഞ്ചാ. | 18-19 | 950000 | പാലക്കണ്ട് കു.വെ.പ | 463904 | 486096 |
| ബ്ലോക്ക് പഞ്ചാ. | 18-19 | 300000 | വയോജനങ്ങൾക്ക് കട്ടിൽ | 299555 | 445 |
| ബ്ലോക്ക് പഞ്ചാ. | 18-19 | 265495 | സ്കോളർഷിപ്പ് | 265495 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചാ. | 18-19 | 42500 | നെൽകൃഷി | 42500 | 0 |
| ബ്ലോക്ക് പഞ്ചാ. | 18-19 | 5900 | അംഗനവാടി | 5900 | 0 |
| ജില്ലാ പഞ്ചാ. | 18-19 | 283650 | ലൈഫ് പദ്ധതി | 283650 | 0 |
| ജില്ലാ പഞ്ചാ | 18-19 | 265495 | സ്കോളർഷിപ്പ് | 265495 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | കുന്നത്ത് കോളനി കു.വെ.പ | 21800125/30.3.19 | 0 | | 61024 |
| KSEB | സ്ട്രീറ്റ് ലൈൻ | 21800127/30.3.19 | 0 | | 427000 |
| KSEB | ഇല.പോസ്റ്റ് മാറ്റൽ | 21800126/30.3.19 | 0 | 20965 | 035 |
| GWD | കുഴൽ കിണർ | 21800949/30.3.19 | 0 | 69200 | 30800 |

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല

## 4-6 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ(KURDFC) | സ.ഉ (കൈ) 68/2018 തിയതി 18.05.2018 | 1195009 | 0 | 0 | 0 | 1195009 |

തിരിച്ചടവ് സംബന്ധിച്ച ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6057/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | ഖണ്ഡിക-23 | 5000 | ഡോ.സജ്ന.പി.എച്ച് | 118040100172/17.4.18 |
| 1994-96 | ഖണ്ഡിക3(7) | 147 | ശ്രീ.രാജഗോപാലൻ | 118040100720/21.5.18 |
| 2001-02 | ഖണ്ഡിക2(1) | 849 | ശ്രീ.ജോസ്. | 118040100721/21.5.18 |
| 2001-02 | ഖണ്ഡിക2(1) | 100 | ശ്രീമതി.പുഷപജ | 118040100722/21.5.18 |
| 2001-02 | ഖണ്ഡിക2(1) | 100 | ശ്രീമതി.ലീല | 118040100723/21.5.18 |
| 2001-02 | ഖണ്ഡിക2(1) | 100 | ശ്രീമതി.സിന്ധു | 118040100724/21.5.18 |
| 2001-02 | ഖണ്ഡിക2(1) | 100 | ശ്രീ.അബ്ദുൾ മജീദ് | 118040100725/21.5.18 |
| 2001-02 | ഖണ്ഡിക2(1) | 100 | ശ്രീ.ശ്രീധരൻ | 118040100725/21.5.18 |
| 2002-03 | ഖണ്ഡിക3(1)2 | 216 | ശ്രീ.എം.മുകുന്ദൻ | 118040100728/21.5.18 |
| 2003-04 | ഖണ്ഡിക3(6) | 2845 | ശ്രീ.സക്കീർ ഹുസൈൻ | 118040100729/21.5.18 |
| 2003-04 | ഖണ്ഡിക3(2)2 | 202 | ശ്രീ.ഷാജു | 118040100740/21.5.18 |
| 2016-17 | ഖണ്ഡിക3(11) | 1950 | ശ്രീ.കല്ല്യാണി | 118040100964/13.6.18 |
| | ആകെ | 11709 | | |

വാർഷിക കണക്ക് റസീപ്റ്റ് &പേയ്മെൻെറ് (R&P -10 Other income ) പ്രകാരം 6057/-രൂപ മാത്രമാണ് വരവുള്ളത് എന്നാൽ 11709/-രൂപ അടവ് വന്നത് വിശദീകരിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച സമർപ്പിച്ച മറുപടിയിൽ 5652/- രൂപ ഹെഡ് മാറി പോസ്റ്റ് ചെയ്തതായി ബോദ്ധ്യപ്പെട്ടു.

# 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | വെട്ടത്തൂർ ഗ്രാ.പ | 97-98 | 36 (1),(2) 38,40, 42,43, 44 | കെ.പി.രാമകൃഷ്ണൻ | LF-6538/ special cell /SCD-3/2000/ 14.1.2003 | 16181 | രശീതി നം-15963/74/ 20.12.2006 പ്രകാരം അടവാക്കി | 0 | |
| 2 | | 2004-05 | 3(24)3 പാർട്ട് | എ.വി.ചന്ദ്രൻ, അസി.എൻജിനിയർ | LF-16498/ special cell /SCD-1/10/19.5.2012 | 166348 | രശീതി നം11204100678/ 12.7.2012 പ്രകാരം 166348 /-രൂപ അടവാക്കി | 0 | |
| 3 | | 2004-05 | 3(24)3 പാർട്ട് | എ. സത്യനാരായണൻ | LF-16498/ special cell | 166348 | 0 | 1663458 | O.P130/12 ജില്ലാ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | /SCD-1/10/19.5.2012 | | | | കോടതി മഞ്ചേരി |

# 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ സ്ഥിതി വിവരം |
|---|---|---|---|---|
| 98-99 | 2(18) | 2006-07 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. വനിതാ തൊഴിൽ പരിശീലന കേന്ദ്രം | ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | 2(17) | “ | കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് | |
| | 2(21) | “ | മരാമത്ത് പ്രവൃത്തി അധിക തുക നൽകി | |
| 2005-06 | 3(2) | 2008-09 | കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | -ടി- |
| | 2(7) | “ | ലേല നടപടി പൂർത്തീകരിച്ചില്ല | |
| | 3(1) | “ | ആരോഗ്യ ഇൻഷൂറൻസ് പദ്ധതി തുക തിരികെ ലഭിച്ചില്ല | |
| | 3(19) | “ | മുൻകൂർ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല | |
| 2006-07 | 3(14) | 2010-11 | ലഘു അവലോകനം | -ടി- |
| 2010-11 | 3(8) | 2011-12 | -ടി- | -ടി- |
| 2012-13 | 3(15) | 2013-14 | -ടി- | -ടി- |
| 2014-15 | 2(2) | 2016-17 | -ടി- | -ടി- |
| 2015-16 | 2(2) | | -ടി- | -ടി- |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62345970 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66651508 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 62613 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1108849 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | - | 13369 | അസി.എൻജിനിയർ,ശ്രീമതി .ശുഭ.പി.വി |
| 3-2 | - | 10295 | അസി.എൻജിനിയർ,ശ്രീമതി.ഹരിത.പി.എ |
| | | | |

| | | | |
|---|---|---|---|
| 3-3 | - | 25760 | അസി.എൻജിനിയർ,ശ്രീമതി .ഹരിത.പി.വി |
| 3-4 | - | 23200 | അസി.എൻജിനിയർ,ശ്രീമതി .ഹരിത.പി.വി |
| | | 72624 | |

ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 240710 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,ഡോ.ഷബ്ന പർവ്വീൻ |
| 1-19 | 61600 | വി.ഇ.ഒ.ശ്രീ.ജുനൈദ്.എ |
| 1-20 | 40500 | വി.ഇ.ഒ.ശ്രീ.ജുനൈദ്.എ |
| 1-24 | 64680 | വി.ഇ.ഒ.ശ്രീ.ജുനൈദ്.എ |
| 1-25 | 123200 | വി.ഇ.ഒ.ശ്രീ.ജുനൈദ്.എ |
| 1-40 | 578189 | സെക്രട്ടറി ,ശ്രീമതി.പ്രേമ വി.ജി |
| | 1108879 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരംഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |
| ശ്രീമതി .ശുഭ .പി.വി അസി.എൻജിനിയർ | തൃശ്ശൂർ ജില്ല | തെങ്ങുംപുള്ളി വീട് , ഞെരുവിൽശ്ശേരി(PO) ആറാട്ട് പുഴ,തൃശ്ശൂർ-680562 |
| ശ്രീമതി .ഹരിത .പി.എ അസി.എൻജിനിയർ | പി.ഡബ്ല്യൂ.ഡി,മലപ്പുറം | ചക്കുംമൂട്ടിൽ വീട് ,പാലച്ചോട് .പി.ഓ,പെരിന്തൽമണ്ണ,മലപ്പുറം 679322 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ.എഫ്.എം.11/201/14, തീ:7-4-14 | 35 |
| 1998-99(വരവ്) | എൽഎഫ് എം 11/2845(15)/12 തി. 12-0-13 | 4 |
| 1998-99 (ചെലവ്) | എൽ എഫ് എം 11/2845 /12 (14),തി. 13-8-13 | 21 |

| | | |
|---|---|---|
| 1999-2000 | എൽ.എഫ്.എം.11/2845/12 (16), തി.13-3-13 | 24 |
| 2000-01 | എൽ.എഫ്.എം.11/2845(1)/12 (16), തി.13-3-13 | 16 |
| 2001-02 | എൽ.എഫ്.എം.16/1167/09 /10 തി.10-10-10 | 18 |
| 2002-03 | എൽ.എഫ്.എം.16/2299/09 തി.10-10-10 | 16 |
| 22003-04 | എൽ.എഫ്.എം.11/2845/12 (18), തി.13-3-13 | 23 |
| 2004-05 | എൽ.എഫ്.എം.16/1989/09, തി.27-7-10 | 43 |
| 2005-06 | എൽ.എഫ്.എം. 16/ 107/10,തി.10-10-10 | 33 |
| 2006-07 | എൽ.എഫ്.എം..16/1457/10 , തി.28-11-09 | 29 |
| 2008-09 | എൽ.എഫ്.എം. 11/1199/11/, തി.12-5-11 | 13 |
| 2009-10 | എൽ.എഫ്.എം. 11/ 689A/12തി. 2-6-12 | 8 |
| 2010-11 | എൽ.എഫ്.എം.11/689B/12, തീ:2-6-12 | 7 |
| 2011-12 | എൽ.എഫ്.എം.11/2844/12 തി.4-1-13 | 3 |
| 2012-13 | എൽ എഫ് എം11/379/14 തി.4-4-14 | 6 |
| 2013-14,2014-15 | കെ എസ് എ എം പി എം 11/760/2016 തി.25-4-16 | 31 |
| 2015-16 | കെ എസ് എ എം പി എം11/2683/2016 തീ. 3.10.2016 | 20 |
| 2016-17 | കെ എസ് എ എംപിഎം11/1292/2017 തീ. 6.7.2017 | 5 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം..11/1042/2019/24.8 | 6 |

ഡെപ്യൂട്ടിഡയറക്ടർ
മലപ്പുറം

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.എം.പി.എം.(11)/1042/2019

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി 24-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രജ് നിയത്തിലെ 215 -ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)